# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഒറ്റപ്പാലം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA.PKD.P22/553/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 01/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ഒറ്റപ്പാലം മുനിസിപ്പാലിറ്റി

സർ,

വിഷയം : ഒറ്റപ്പാലം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒറ്റപ്പാലം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഇ മെയിൽ മുഖേന)
2.റീജിയണൽ ഡയറക്ടർ,എറണാകുളം റീജിയൻ, നഗരകാര്യ വകുപ്പ് (ഇ മെയിൽ മുഖേന)
3.ഓഫീസ് പകർപ്പ്

നമ്പർ: No.KSA.PKD.P22/553/2023 തീയ്യതി: 01/04/2023

## പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-07-2022 മുതൽ 09-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.അരവിന്ദാക്ഷൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 12-12-2022 | 21-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-12-2022 | 21-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

കെ.ആർ പ്രകാശ് ബാബു,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
കെ.പി.രാമകൃഷ്ണൻ,അസി.ഓഡിറ്റ് ഓഫീസർ
എം.എസ്. താരീഖ്,സീനി.ഗ്രേഡ് ഓഡിറ്റർ
കെ.വി.രാജൻ, സീനി.ഗ്രേഡ് ഓഡിറ്റർ

എസ്.സഹീർ, സീനി.ഗ്രേഡ് ഓഡിറ്റർ
കെ.അനിത,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജാനകീ ദേവി കെ | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| പ്രദീപ് എ.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജയപ്രകാശ് ടി | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ആരതി കൃഷ്ണ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.താജ് പോൾ പനക്കൽ | മെഡിക്കൽ ഓഫീസർ,താലൂക്ക് ഹോസ്പിററൽ | 01-04-2021 | 31-03-2022 |
| ഡോ.അച്ചാമ്മ ലെനു തോമസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.മോഹനൻ എൻ.കെ | മെഡിക്കൽ ഓഫിസർ(ആയുർവേദം) | 01-04-2021 | 09-11-2021 |
| ഡോ.ഹരീശ്വരൻ പി.എം | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 10-11-2021 | 31-03-2022 |
| ഡോ.ഗുണാതീത കെ.ആർ | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 14-05-2021 |
| ഡോ.സുധീർ ബാബു സി | സീനിയർ വെറ്ററിനറി സർജൻ | 15-05-2021 | 31-03-2022 |
| ശോഭ എ.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| പരമേശ്വരൻ നമ്പൂതിരി | ഹെഡ് മാസ്റ്റർ,ജി.എച്ച്.എസ്.ഒറ്റപ്പാലം | 01-04-2021 | 31-03-2022 |
| ഗീത കെ.പി | പ്രിൻസിപ്പാൾ ജി.എച്ച് എസ്.എസ്.ഒറ്റപ്പാലം | 01-04-2021 | 31-03-2022 |
| ശരത് ആർ | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| യു.സി.സുധീന്ദ്രൻ | പ്രോജക്ട് ഓഫീസർ,ദാരിദ്ര്യ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | നിർമ്മാർജ്ജനം | | |
| സി.കെ.രാധാകൃഷ്ണൻ | ഹെൽത്ത് ഓഫീസർ | 01-04-2021 | 24-06-2021 |
| വിജയപ്രകാശ് കെ | ഹെൽത്ത് ഓഫീസർ | 25-06-2021 | 31-08-2021 |
| യു.സി.സുധീന്ദ്രൻ | ഹെൽത്ത് ഓഫീസർ ഇൻ ചാർജ് | 01-09-2021 | 09-01-2022 |
| ബെന്നി കെ മാത്യു | ഹെൽത്ത് ഓഫീസർ | 10-01-2022 | 31-03-2022 |

-

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷികക്കണക്കുകളിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - പൊതുവിവരങ്ങൾ | 1-6-1 |
| 9 | വിവിധ ക്ഷേമപദ്ധതി ധനസഹായങ്ങളുടെ വിശദാംശങ്ങൾ | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണത്തിലെ അപാകതകൾ | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | ദൈനംദിന അക്കൗണ്ടിംഗിൽ അപാകങ്ങൾ | 1-11 |
| 14 | വസ്തു നികുതി - കുടിശ്ശിക നിലനിൽക്കുന്നു | 1-12 |
| 15 | ക്രമവൽക്കരണത്തിനായി ലഭിച്ച അപേക്ഷകൾ നിരസിച്ചത് - തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-13 |
| 16 | ഒരേ ഉപയോഗക്രമമുള്ള വാണിജ്യ കെട്ടിടങ്ങൾ വ്യത്യസ്ത ഭാഗങ്ങളായി നികുതി നിർണ്ണയിച്ചു - വസ്തു നികുതിയിനത്തിൽ നഷ്ടം | 1-14 |
| 17 | സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല | 1-15 |
| 18 | ലീസ് ഓൺ ലാന്റ് - കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-16 |
| 19 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ - അർഹത പുന:പരിശോധിക്കേണ്ടതാണ് | 1-17 |
| 20 | നഗരസഭ വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങൾ - അപാകങ്ങൾ പരിഹരിക്കേണ്ടതാണ് | 1-18 |
| 21 | ഒഴിഞ്ഞ് കിടക്കുന്ന മുറികൾ പുനർലേലം ചെയ്യേണ്ടതാണ് | 1-18-1 |
| 22 | കടമുറികൾക്ക് ചട്ട പ്രകാരമുള്ള സംവരണം ഉറപ്പുവരുത്തേണ്ടതാണ് | 1-18-2 |
| 23 | വാടക കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-18-3 |
| 24 | വാടകക്കാരുമായി ചട്ട പ്രകാരം കരാർ ചമക്കേണ്ടതാണ് | 1-18-4 |
| 25 | വാടകയിന്മേൽ വാർഷിക വർദ്ധനവ് വരുത്തുന്നില്ല | 1-18-5 |
| 26 | വാടക കരാറിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ് | 1-18-6 |

| | | |
|---|---|---|
| 27 | വാടക രജിസ്റ്ററിൽ വാർഷിക ഡി സി ബി സംക്ഷിപ്തം എഴുതുന്നില്ല | 1-18-7 |
| 28 | തറ വിസ്തീർണ്ണം 60 ച.മീ. കൂടുതലുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിരിക്കുന്നു | 1-19 |
| 29 | മുനിസിപ്പൽ കാന്റീൻ വാടകയ്ക്ക് നൽകി വരുമാന വർദ്ധനവ് ഉറപ്പ് വരുത്തേണ്ടതാണ് | 1-20 |
| 30 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികതി കുറവായി നിർണ്ണയിച്ചിരിക്കുന്നു | 1-21 |
| 31 | ഡെപ്പോസിറ്റ് വർക്ക് - കേരള വാട്ടർ അതോരിറ്റിയിൽ നിന്നും ലഭിച്ച ബാക്കി തുക നഗരസഭ ഫണ്ടിൽ വരവ് വെച്ചിട്ടില്ല | 1-22 |
| 32 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് അധിക നിരക്കിൽ വസ്തു നികുതി ഈടാക്കിയിരിക്കുന്നു | 1-23 |
| 33 | ലൈസൻസ് നൽകൽ- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-24 |
| 34 | ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കേണ്ടതാണ് | 1-24-1 |
| 35 | വിനോദ നികുതി - ജി എസ് ടി ഒടുക്കിയ ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി ഈടാക്കുന്നില്ല | 1-25 |
| 36 | തൊഴിൽ നികുതി-പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകൾ | 1-26 |
| 37 | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നീക്കിയിരുപ്പ് തുക - തുടർ നടപടികൾ സ്വീകരിക്കണം | 1-27 |
| 38 | പി എം എ വൈ -അർബ്ബൻ പദ്ധതി - 951 വീടുകൾ പൂർത്തീയാക്കുവാൻ അവശേഷിക്കുന്നു | 1-28 |
| 39 | ഡി.എ.വൈ-എൻ.യു.എൽ.എം പദ്ധതി - അവലോകനം | 1-29 |
| 40 | മുൻകൂർ തുകകൾ യഥാസമയം ക്രമീകരിക്കുന്നില്ല | 1-30 |
| 41 | മാലിന്യ സംസ്കരണമേഖലയിൽ തിരിച്ചറിഞ്ഞ പോരായ്മകൾ പരിഹരിക്കേണ്ടതാണ് | 1-31 |
| 42 | ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല | 1-32 |
| 43 | പട്ടികജാതി വിദ്യാർത്ഥികൽക്ക് സ്കോളർഷിപ്പ് - അർഹമായ തുക അനുവദിച്ചില്ല | 1-33 |
| 44 | പ്രത്യേക സാങ്കേതിക പരിജ്ഞാനം ആവശ്യമില്ലാത്ത കെട്ടിടനിർമ്മാണം അക്രഡിറ്റഡ് ഏജൻസിയെ ഏല്പിച്ചു | 1-34 |
| 45 | മരാമത്ത് പ്രവൃത്തികളുടെ പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചിതിന് ഫൈൻ ഈടാക്കിയിട്ടില്ല | 1-35 |
| 46 | നഗരസഭാ കെട്ടിട നിർമ്മാണം- ടസ്റ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി | 1-36 |
| 47 | മരാമത്ത് പ്രവൃത്തികൾ -എഗ്രിമെന്റ് ചമയ്ക്കുന്നതിൽ കാലതാമസം -ഫൈൻഈടാക്കിയില്ല | 1-37 |
| 48 | ടെണ്ടർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല | 1-38 |
| 49 | അങ്കണവാടി കെട്ടിട നിർമ്മാണം - എഗ്രിമെന്റ് ചമച്ചതിന് മതിയായ | 1-39 |

| | | |
|---|---|---|
| | നിരക്കിലുള്ള സ്റ്റാമ്പ് പേപ്പർ ഇല്ല | |
| 50 | 2018-19 വർഷത്തിൽ വാങ്ങിയ ടാർ ബാരലുകൾ നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നു | 1-40 |
| 51 | കരാറുകാരനിൽനിന്ന് ആദായ നികുതി കുറവായി ഈടാക്കി | 1-41 |
| 52 | വീവേഴ്സ് കോളനി-ദക്ഷിണാമൂർത്തി റോഡ് റീ ടാറിംഗ് - പ്രോജക്ട് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-42 |
| 53 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-43 |
| 54 | വായനശാലകൾക്ക് പത്രങ്ങളും ആനുകാലികങ്ങളും- പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചു | 1-44 |
| 55 | ഹരിതകർമ്മ സേന -അവലോകനം | 1-45 |
| 56 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം | 1-46 |
| 57 | ബാങ്ക് അക്കൗണ്ടുകൾ - തുടർ നടപടി സ്വീകരിക്കണം | 1-47 |
| | ഭാഗം **2** | |
| 1 | പ്രത്യേക പരാമർശങ്ങൾ ഇല്ല | 2-1 |
| | ഭാഗം **3** | |
| 1 | ട്രസ്റ്റ് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകൾ സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 22/02/2021 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടുണ്ട് (തീരുമാനം നം.1/30-3-2022). ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 68249674 | 901061500 | 969311174 | 898176865 | 71134309 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 21-06-2022 |

### 1-2-1 വാർഷികക്കണക്കുകളിലെ അപാകതകൾ

CFC (Untied) ഗ്രാന്റ് ചെലവ് ACR പ്രകാരം ₹14142099/- ആണ്. എന്നാൽ വാർഷിക കണക്കിൽ (RP-6) ₹15,615,626/- എന്നാണ് രേഖപ്പെടുത്തിയത്. ACR പ്രകാരമുള്ള തുകയാണ് ചെലവുപത്രികയിൽ രേഖപ്പെടുത്തിയത്.

ഗ്രാന്റുകളുടെ വരവുചെലവുകൾ രേഖപ്പെടുത്തുന്നതിൽ കൃത്യത പാലിക്കേണ്ടതാണ്. എല്ലാ അക്കൗണ്ടുകളുടെയും പ്രതിമാസ റികൺസിലിയേഷൻ കൃത്യമായി നടത്തിയാൽ ഇത്തരം അപാകങ്ങൾ തിരുത്തി മുന്നോട്ടുപോകാവുന്നതാണ്. വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിന് മുൻപ് എല്ലാ അക്കൗണ്ടുകളും രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തേണ്ടതും കൃത്യത ഉറപ്പാക്കേണ്ടതുമാണ്. കണക്കുകളുടെ പരിപാലനത്തിൽ ധനകാര്യ സ്റ്റാന്റിങ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടതുണ്ട്.

HUDCO-PMAY – നീക്കിയിരിപ്പ് B5 ലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 83028011.61 |
| ഓഡിറ്റ് വർഷത്തെ വരവ് | 288718649 |
| ആകെ | 371746660.61 |
| ചെലവ് | 269243657 |
| നീക്കിയിരിപ്പ് | 102503003.61 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 28979533 | 28979533 | 28979370 | 163 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 18300333 | 18300333 | 17449079 | 851254 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് (ACR പ്രകാരം) | 0 | 20554000 | 20554000 | 14416922 | 6137078 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് (ACR പ്രകാരം) | 0 | 26624127 | 26624127 | 21451967 | 5172160 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Basic Untied (ACR പ്രകാരം) | 0 | 20764901 | 20764901 | 14142099 | 6622802 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Tied (ACR പ്രകാരം) | 0 | 50376299 | 50376299 | 25915168 | 24461131 |

കേന്ദ്രാവിഷ്കൃത ഫണ്ട്

| | | | | | | |
|---|---|---|---|---|---|---|
| PMAY | | 17047173 | 204800 | 17251973 | 8373458 | 8878515 |
| NULM | | 645260 | 839124 | 1484384 | 1483384 | 1000 |
| Swach Bharath | | 3889346 | 0 | 3889346 | 3042061 | 847285 |
| Suchithwa Mission | | 6144552 | 185672 | 6330224 | 0 | 6330224 |
| IHSDPBOI | BOI | 438738 | 12826 | 451564 | 0 | 451564 |
| IHSDPPNB | PNB | 22230331 | 704103 | 22934434 | 5000 | 22929434 |
| UIDSSMT | | 151361 | 4128 | 155489 | 0 | 155489 |

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

| | | | | | | |
|---|---|---|---|---|---|---|
| AUEGS | | 1583430 | 15048823 | 16632253 | 16592465 | 39788 |
| സാക്ഷരത | | 1217478 | 33206 | 1250684 | 0 | 1250684 |
| PENSION | KGB | 4689775 | 4469213 | 9158988 | 2649389 | 6509599 |
| | SBI | 29195 | 796 | 29991 | 0 | 29991 |
| SNP | TSB | 5653092 | 1421481 | 7074573 | 1500000 | 5574573 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 248 | 210226737 | 182 | 136171401 | 0 | 66 | 73.38 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 7755608 | 4743361 | 61.16 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 3 | 6000000 | 5605200 | 93.42 |
| സെക്രട്ടറി | 19 | 18 | 23743246 | 20919298 | 88.11 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | 179 | 121 | 102265517 | 57285522 | 56.02 |
| മെഡിക്കൽ ഓഫീസർ-താലൂക്ക് ഹോസ്പിറ്റൽ | 7 | 7 | 15253329 | 15136895 | 99.24 |
| മെഡിക്കൽ ഓഫീസർ-ISM | 4 | 3 | 4360000 | 4330004 | 99.31 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 407000 | 404838 | 99.47 |
| വെറ്ററിനറി സർജ്ജൻ | 3 | 3 | 500000 | 470000 | 94 |
| ഹെഡ് മാസ്റ്റർ | 4 | 4 | 1930000 | 1488995 | 77.15 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 450000 | 250000 | 55.55 |
| പ്രിൻസിപ്പൽ, GVHSS | 2 | 2 | 2000000 | 1575000 | 78.75 |
| പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ നിർമ്മാർജ്ജനം | 7 | 5 | 29880887 | 19545262 | 65.41 |
| ഹെൽത്ത് ഓഫീസർ | 10 | 6 | 15681150 | 4417026 | 28.17 |
| ആകെ | 248 | 182 | 210226737 | 136171401 | 64.77 |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 1583480 | 15048823 | 16632253 | 15407534 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | | | 1184931 | 39788 |

## 1-6-1 അയ്യങ്കാളി നഗര തൊഴിലുറപ്പ പദ്ധതി - പൊതുവിവരങ്ങൾ

| ക്രമ നം. | വിശദാംശം | വിവരം |
|---|---|---|

| | | |
|---|---|---|
| 1 | 2021-22 വർഷത്തിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 388 |
| 2 | ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2666 |
| 3 | 2021-22 വർഷത്തിൽ തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 388 |
| 4 | ആകെ തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2666 |
| 5 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 846 |
| 6 | തൻവർഷത്തെ ആകെ അടങ്കൽ | 14,50,90,000/- |
| 7 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 175 |
| 8 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 175 |
| 9 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം, മെറ്റീരിയൽസിന്റെ ചെലവ് | 0 |
| 10 | തൻവർഷത്തെ വരവ് (മുന്നിരിപ്പം പലിശയും ഉൾപ്പെടെ) | 16632253<br>(മുൻ വർഷത്തെ<br>Uncashed Cheque 20766/-<br>ഉൾപ്പെടെ) |
| 11 | തൻവർഷത്തെ ചെലവ് (ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | 16592465 |
| 12 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1322 |
| 13 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1322 |
| 14 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 151 |
| 15 | (A) തൊഴിൽ ആവശ്യപ്പെട്ടിട്ടും ലഭിക്കാതിരുന്നവരുടെ എണ്ണം. | 0 |
| | (B) തൊഴിൽ രഹിത വേതനം ലഭ്യമായവരുടെ എണ്ണം. | 0 |
| | (C) നൽകിയ തുക | 0 |
| 16 | തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളുടെ എണ്ണം, ചെലവഴിച്ച തുക | 0 |
| 17 | തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നതിന്റെ വിവരം | 25500 |
| 18 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം (ആസ്തിയുടെ പേര്/എണ്ണം) | കിണർ നിർമ്മാണം-<br>14 എണ്ണം |
| 19 | സോഷ്യൽ ഓഡിറ്റ് നടന്ന മാസം | 31/03/2022 |
| 20 | പരാതി രജിസ്റ്ററിന്റെ വിവരം | ലഭിച്ച പരാതികൾ-1<br>പരിഹരിച്ചവ-1 |
| 21 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | 0 |

| | | |
|---|---|---|
| 22 | വേതനം നൽകുവാൻ കാലതാമസം സംബന്ധിച്ച വിവരം | നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ഫണ്ട് കിട്ടാൻ കാലതാമസം നേരിടുന്നതിനാൽ |

നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം

| ക്രമ നം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | 2021-22 വർഷം | |
|---|---|---|---|
| | | നടപ്പി ലാക്കിയ പദ്ധതി കളുടെ എണ്ണം | ചെല വഴിച്ച തുക |
| 1 | മണ്ണ്-ജല സംരക്ഷണം | 14 | 417930 |
| 2 | വരൾച്ച തടയൽ, വനവത്ക്കരണം | 0 | 0 |
| 3 | ചെറുകിട ജലസേചനം | 3 | 291373 |
| 4 | പട്ടികജാതി-പട്ടികവർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം | 0 | 0 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 16 | 1680998 |
| 6 | ഭൂവികസനം | 5 | 686919 |
| 7 | വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | 132 | 8454694 |
| 8 | വീട്ടു നിർമ്മാണം - പി.എം.എ.വൈ | 1 | 4263398 |
| 9 | റോഡ് നിർമ്മാണം | 0 | 0 |
| 10 | ക്ഷീര കർഷകർ | 1 | 0 |
| | ആകെ | 139 | 15795312 |

## 1-7 വിവിധ ക്ഷേമപദ്ധതി ധനസഹായങ്ങളുടെ വിശദാംശങ്ങൾ

നഗരസഭാ പരിധിയിൽ വിവിധ കേന്ദ്ര-സംസ്ഥാന സാമൂഹ്യ സുരക്ഷ ക്ഷേമപദ്ധതികളിലൂടെ തൻവർഷം വിതരണം ചെയ്ത ധനസഹായങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ഗുണഭോ ക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 362 | 5680000.00 |
| 3 | വിധവാ പെൻഷൻ | 2286 | 41578800.00 |
| 4 | വാർദ്ധക്യകാല പെൻഷൻ | 3758 | 60938100.00 |
| 5 | ഭിന്നശേഷി പെൻഷൻ | 581 | 9607600.00 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 223 | 4076600.00 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.12.2022 ന് ഉച്ചക്ക് ശേഷം 3 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 279563/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണത്തിലെ അപാകതകൾ

ആഭ്യന്തരനിയന്ത്രണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്

ക്യാഷ് ബുക്ക് ബാലൻസും യഥാർത്ഥ ക്യാഷ് ബാലൻസും പരിശോധിച്ച് അക്കൗണ്ട്സ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല. പ്രതിദിന കളക്ഷൻ യഥാസമയം അക്കൗണ്ട് ചെയ്യേണ്ടതാണ്. പ്രതിമാസ റിക്കൺസിലിയേഷൻ നടത്തുന്നില്ല. പ്രതിമാസ വരവ് ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നില്ല.

ഭീമമായ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി കുറവായി ഈടാക്കിയതായി കാണുന്നു. എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തുനികുതി നിരക്ക് നിശ്ചയിക്കേണ്ടതാണ്. ക്രമവൽക്കരണത്തിനുള്ള അപേക്ഷകളിൽ യഥാസമയം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. പെർമിറ്റില്ലാതെ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഒഴിവുവന്ന കടമുറികൾ പുനർലേലം ചെയ്യേണ്ടതാണ്. വാടക കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്. വാടകക്കരാർ ചട്ടപ്രകാരം ചമയ്ക്കേണ്ടതാണ്. വാടകയിൻമേൽ വാർഷിക വർദ്ധനവ് വരുത്തേണ്ടതാണ്.

ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്. വിനോദ നികുതി GST ഒടുക്കിയ കെട്ടിടങ്ങളുടെ എണ്ണത്തിന് അനുസൃതമായി ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ കൃത്യമായും പൂർണ്ണമായും എഴുതി തയ്യാറാക്കേണ്ടതാണ്.

കൂടുതൽ വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഹരിത കർമ്മ സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

ഡെപ്പോസിറ്റ് വർക്കുകൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

മുൻവർഷങ്ങളിൽ വാങ്ങിയ ടാറിന്റെ ബാരലുകൾ ലേലം ചെയ്യാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികൾ സമയം ദീർഘിപ്പിച്ചതിനും കരാർ ചമയ്ക്കുന്നതിൽ കാലതാമസം വരുത്തിയതിനും പിഴ ഈടാക്കേണ്ടതാണ്. ടെണ്ടർ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

മുൻകൂറുകൾ യഥാസമയം ക്രമീകരിക്കുന്നില്ല. നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | വിവരം ലഭ്യമല്ല | - | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.07.2022 മുതൽ 22.08.2022 വരെ | 01-04-2018 മുതൽ 30-06-2022 വരെ | 11-10-22 |

## 1-11 ദൈനംദിന അക്കൗണ്ടിംഗിൽ അപാകങ്ങൾ

2007 ലെ കേരള മുനിസിപ്പാലിറ്റി(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം നഗരസഭയിലെ ദൈനംദിന അക്കൗണ്ടിംഗിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) കാഷ് ബുക്ക് ചട്ടപ്രകാരം പരിപാലിക്കുന്നില്ല

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 5(3) കാഷ് ബുക്ക് പ്രതിദിനം

ക്ലോസ് ചെയ്യേണ്ടതും ചട്ടം 5(4) പ്രകാരം അക്കൗണ്ട്സ് ഓഫീസർ പ്രതിദിനം കാഷ് ബുക്ക് ബാലൻസും യഥാർത്ഥ കാഷ് ബാലൻസും പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

എന്നാൽ നഗരസഭയിലെ കാഷ് ബുക്കിന്റെ പരിപാലനം ചട്ട പ്രകാരമല്ല. കൈകൊണ്ടെഴുതുന്ന കാഷ് ബുക്കിലാണ് തനത് ഫണ്ടിന്റെ ചെലവുകൾ രേഖപ്പെടുത്തുന്നത്. വരവുകൾ ടി കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. സാംഖ്യ പ്രകാരമുള്ള കാഷ് ബുക്ക് പ്രതിദിനം പ്രിന്റെടുത്ത് പരിപാലനച്ചുമതലയുള്ള ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2) പ്രതിദിന കളക്ഷൻ യഥാസമയം അക്കൗണ്ട് ചെയ്യപ്പെടുന്നില്ല

സാംഖ്യ കാഷ് ബുക്കിലെ 18.7.22 മുതൽ 9.12.22 വരെയുള്ള രേഖപ്പെടുത്തലുകൾ പ്രകാരം 3.8.22, 5.8.22, 6.8.22, 10.8.22, 16.8.22, 20.8.22, 22.8.22, 24.8.22, 29.8.22, 5.12.22, 6.12.22, 7.12.22 എന്നീ 12 ദിവസങ്ങളിൽ മാത്രമേ കോൺട്രാ എൻട്രികൾ നടത്തിയിട്ടുള്ളൂ. ഓരോ ദിവസത്തേയും കൗണ്ടർ വരവ് ബാങ്കിലടവാക്കുന്നുണ്ടെങ്കിലും, അതിനോടൊപ്പം നടത്തേണ്ട കോൺട്രാ എൻട്രികൾ യഥാസമയം സാംഖ്യയിൽ ചെയ്യാത്തതിനാൽ യഥാർത്ഥത്തിൽ ഇല്ലാത്ത ഉയർന്ന കാഷ് ബാലൻസ് തുകയാണ് സാംഖ്യ കാഷ് ബുക്കിലുള്ളത്.

ഉദാഹരണമായി 3.12.22 ലെ കളക്ഷൻ തുക 48400 രൂപയാണ്. എന്നാൽ 5.12.22ലെ കാഷ് ബുക്ക് പ്രകാരം ഓപ്പണിംഗ് ബാലൻസ് 12818990 രൂപയാണ്. കാഷ് ബുക്ക് സമയാസമയങ്ങളിൽ പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥർ രേഖപ്പെടുത്തലുകൾ നടത്തുന്നതിലും, മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്

3 പ്രതിമാസ റീകൺസിലിയേഷൻ നടത്തുന്നില്ല

2007 ലെ കേരള മുനിസിപ്പാലിറ്റി(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 53 പ്രകാരം എല്ലാ മാസവും 7-ാം തിയതിക്ക് മുമ്പ് മുൻമാസത്തെ റീകൺസിലിയേഷൻ നടത്തി സ്റ്റേറ്റ്മെന്റ് അക്കൗണ്ട്സ് ഓഫീസറും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

പ്രതിമാസ റീകൺസിലിയേഷൻ/ വർഷാവസാന റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുമില്ല.

6) പ്രതിമാസ വരവുചെലവു കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 22(ഡി)(iv) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുൻമാസത്തെ വരവു ചെലവുകളുടെ സംക്ഷേപം പരിശോധിക്കേണ്ടതാണ്. 2007 ലെ കേരള മുനിസിപ്പാലിറ്റി(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 56 പ്രകാരം അക്കൗണ്ട്സ് ഓഫീസർ എല്ലാ മാസവും 20-ാം തിയതിക്ക് മുമ്പായി മുൻ മാസത്തെ വരവു ചെലവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്ട്സിൽ പ്രതിമാസ വരവു ചെലവു സ്റ്റേറ്റ്മെന്റുകൾ രേഖപ്പെടുത്തിയിട്ടില്ല.
വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(37/20-12-2022) മറുപടി ലഭ്യമാക്കിട്ടില്ല.
തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-12 വസ്തു നികുതി - കുടിശ്ശിക നിലനിൽക്കുന്നു

നഗരസഭയുടെ 2021-22 വാർഷിക ധനകാര്യ പത്രികയിലെ (ബാലൻഷീറ്റ് B-15) വിവരങ്ങൾ പ്രകാരം വസ്തു നികുതി ഇനത്തിൽ ആകെ 10808380/- രൂപ (തൻവർഷ കുടിശ്ശിക 7531491/- രൂപ, മുൻവർഷങ്ങളിലെ കുടിശ്ശിക 3276889/- രൂപ) പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

നിലവിലെ വസ്തു നികുതി കുടിശ്ശിക വിവരം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.02/13.12.2022) താഴെ പറയും പ്രകാരമുള്ള കുടിശ്ശിക നിലനിൽക്കുന്നതായി അറിയിച്ചിട്ടുണ്ട്.

| ബാക്കി നിലനിൽക്കുന്ന കുടിശ്ശിക |
|---|

| തൻവർഷം | മുൻവർഷം |
|---|---|
| 30699930 | 119063 |

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539 പ്രകാരം മുനിസിപ്പാലിറ്റിക്ക് പിരിഞ്ഞു കിട്ടേണ്ടതായ തുകകൾ അത് ഈടാക്കേണ്ട കാലാവധി കഴിഞ്ഞ് 4 വർഷത്തിനുശേഷം ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാവുന്നതല്ല. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539(2) പ്രകാരം യഥാസമയം നടപടി കൈക്കൊള്ളുന്നതിലുള്ള വീഴ്ച മൂലം മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ടതായ തുക (1)-ാം ഉപവകുപ്പ് പ്രകാരം കാലഹരണപ്പെടുന്നപക്ഷം അത് ഏത് ഉദ്യോഗസ്ഥന്റെ അഥവാ ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണ് നഷ്ടപ്പെടാൻ ഇടയായിട്ടുള്ളത് എന്ന് നിയമാനുസരണമുള്ള അന്വേഷണത്തിൽ ബോദ്ധ്യപ്പെടുന്ന പക്ഷം ആ ഉദ്യോഗസ്ഥരിൽ നിന്ന് 12 ശതമാനം പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ വസ്തു നികുതിയിനത്തിലുള്ള കുടിശ്ശിക ഈടാക്കുവാനുള്ള അടിയന്തിര തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ക്രമവൽക്കരണത്തിനായി ലഭിച്ച അപേക്ഷകൾ നിരസിച്ചത് - തുടർ നടപടി സ്വീകരിക്കേണ്ടതാണ്

2021-22 സാമ്പത്തിക വർഷത്തെ ക്രമവൽക്കരണ രജിസ്റ്റർ പ്രകാരം താഴെ പറയുന്ന ക്രമവൽക്കരണത്തിനായി ലഭിച്ച അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. കെട്ടിടങ്ങൾ നഗരസഭയിൽ നിന്നുള്ള അനുമതിയില്ലാതെ പൂർത്തീകരിക്കുകയും കെട്ടിട നമ്പറിനായി ഉടമസ്ഥർ ക്രമവൽക്കരണത്തിന് അപേക്ഷിക്കുകയുമാണ് ചെയ്തിട്ടുള്ളത്. എന്നാൽ അനധികൃതമായി നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള മേൽ കെട്ടിടങ്ങൾക്ക് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 242 പ്രകാരം നഗരസഭയിൽ നിന്നും യു.എ നമ്പർ അനുവദിച്ച് വസ്തു നികുതി നിർണ്ണയിച്ചതായോ അനുമതിയില്ലാതെ പൂർത്തീകരിച്ച കെട്ടിടമായതിനാൽ ക്രമവൽക്കരിച്ച് നൽകുന്നതിനായി 2018 ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺഓത്തറൈസ്ഡ് കൺസ്ട്രക്ഷൻ) ചട്ടങ്ങൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല. ആയതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 04/13.12.2022) നൽകിയ മറുപടി റിമാർക്സ് കോളത്തിൽ ചേർക്കുന്നു.

| ക്രമ നം. | ക്രമവൽക്കരണ രജിസ്റ്ററിലെ ക്രമ നം. | അപേക്ഷകന്റെ പേര് | ഉപയോഗ ക്രമം, വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | 17 | ബാലകൃഷ്ണൻ എം & അനിത വി ജി, സ്വാതി ഹൗസ് | ഉപയോഗ ക്രമം – പാർപ്പിടം വിസ്തീർണ്ണം – 235.79 ച.മീ. | നിലവിലുള്ള വാസഗൃഹം (നം. 26/209/1) എക്സ്റ്റൻഷൻ നിർമ്മാണം ക്രമവൽകരിക്കുന്നതിനായി 1300 രൂപ ഫീസ് ഒടുക്കുവാൻ അറിയിച്ചുവെങ്കിലും നാളിതുവരെ ഫീസ് ഒടുക്കിയിട്ടില്ല. |
| 2 | 18 | ശ്രീനിവാസൻ, കോട്ടാരപ്പട്ടിൽ ഹൗസ് | ഉപയോഗ ക്രമം– പാർപ്പിടം വിസ്തീർണ്ണം – 480.4 ച.മീ. | നിലവിലുള്ള വാസഗൃഹം (നം. 28/245) എക്സ്റ്റൻഷൻ നിർമ്മാണം കെ.എം.ബി.ആർ പാലിക്കുന്നില്ല. |
| 3 | 25 | മോഹൻദാസ് & കാർത്ത്യായനി, കിഴക്കേപുരക്കൽ ഹൗസ് | ഉപയോഗ ക്രമം – പാർപ്പിടം വിസ്തീർണ്ണം – 117.68 ച.മീ. | നിലവിലുള്ള വാസഗൃഹം (നം. 14/129/1) എക്സ്റ്റൻഷൻ നിർമ്മാണം അപേക്ഷകന്റെയും കെട്ടിട ഉടമസ്ഥന്റെയും പേരിൽ വ്യത്യാസം. വ്യക്തത വരുത്തി പുനർ സമർപ്പിക്കുവാൻ നോട്ടീസ് നൽകി. |
| 4 | 26 | ദേവകി & മറ്റുള്ളവർ, പുളിക്കാപറമ്പിൽ ഹൗസ് | ഉപയോഗ ക്രമം – പാർപ്പിടം വിസ്തീർണ്ണം – 25.63 ച.മീ. | കൈവശവകാശ സർട്ടിഫിക്കറ്റിൽ ദേവകി & മറ്റുള്ളവർ എന്നായതിനാൽ മറ്റുള്ളവർ ആരെല്ലാം എന്ന് തെളിയിക്കുന്ന ലീഗൽ ഹയർഷിപ്പ്/ റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ് |

| | | | | |
|---|---|---|---|---|
| | | | | ഹാജരാക്കുവാൻ അറിയിപ്പ് നൽകിയിട്ടുണ്ട്. |
| 5 | 40 | ശങ്കരനാരായണൻ, കരിമ്പനതോട്ടത്തിൽ ഹൗസ് | ഉപയോഗ ക്രമം – പാർപ്പിടം വിസ്തീർണ്ണം – 65.68 ച.മീ. | നിലമായതിനാൽ ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കിയ തായിട്ടുള്ള ആർ.ഡി.ഒ യുടെ ഉത്തരവ് ഹാജരാക്കുവാൻ അറിയിപ്പ് നൽകി. |
| 6 | 45 | മുഹമ്മദ് കുട്ടി & സഫിയ, പണിക്കവീട്ടിൽ ഹൗസ് | ഉപയോഗ ക്രമം – വാണിജ്യം വിസ്തീർണ്ണം – 222.31 ച.മീ. | മാസ്റ്റർ പ്ലാൻ പ്രകാരം പുതുക്കി പണിയാനും സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുന്ന തിനായും അറിയിപ്പ് നൽകിയിട്ടുണ്ട്. |
| 7 | 63 | സൈദലവി, തോട്ടതോടി ഹൗസ് | ഉപയോഗ ക്രമം – വാണിജ്യം വിസ്തീർണ്ണം – 175.1 ച.മീ. | ഹൈക്കോടതിയിലെ കേസ് തീരുമാനമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| 8 | 76 | സൈനുൽ ആബിദ് & ജസീല, | ഉപയോഗ ക്രമം – പാർപ്പിടം വിസ്തീർണ്ണം – 150.59 ച.മീ. | ബിൽറ്റ്അപ്പ് ഏരിയ കൂടുതലായതിനാൽ തരം മാറ്റിയ ആർ.ഡി.ഓ ഉത്തരവ് ഹാജരാക്കുവാൻ അറിയിപ്പ് നൽകി. |

ഓഡിറ്റ് നിർദ്ദേശം

1. പെർമിറ്റില്ലാതെ നിർമ്മാണം പൂർത്തിയാക്കിയ നിർമ്മാണങ്ങൾക്കെതിരെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242, 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള മേൽനടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ക്രമവൽക്കരണത്തിനായി ലഭിച്ച അപേക്ഷയിന്മേൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ഒരേ ഉപയോഗക്രമമുള്ള വാണിജ്യ കെട്ടിടങ്ങൾ വ്യത്യസ്ത ഭാഗങ്ങളായി നികുതി നിർണ്ണയിച്ചു - വസ്തു നികുതിയിനത്തിൽ നഷ്ടം

2011 ലെ കേരള മുനിസിപ്പാലിറ്റി(വസ്തു നികതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് വിനിയോഗിച്ചിരിക്കുക യാണെങ്കിൽ മാത്രമെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതുള്ളൂ.

വാണിജ്യാവശ്യത്തിനുള്ള '100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 70/- രൂപയും '100 ച.മീറ്റർ മുകളിൽ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 90/- രൂപയായും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഒരാളുടെ ഉടമസ്ഥതയിലുള്ള ഒരേ പ്ലാനിലുള്ള 100 ച.മീറ്ററിന്

മുകളിലുള്ള ഒരേ ഉപയോഗക്രമമുള്ള പല വാണിജ്യ കെട്ടിടങ്ങളും വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും അവയ്ക്ക് ചിലതിന് ബാധകമാകുന്ന ഉയർന്ന നിരക്കിൽ നികുതി ഈടാക്കുകയും മറ്റ് ചിലതിന് 100 ച.മീ ൽ താഴെ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 70/- രൂപ നിരക്കിൽ നികുതി ഈടാക്കുകയുമാണ് ചെയ്തിരിക്കുന്നത്.

1. ഒരാളുടെ ഉടമസ്ഥതയിലുള്ള ഒരേ പ്ലാനിലുള്ള 100 ച.മീന് മുകളിലുള്ള ഒരേ ഉപയോഗക്രമമുള്ള വാണിജ്യ കെട്ടിടത്തെ വിവിധ കടമുറികളായി വിഭജിച്ച് ഉയർന്ന നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചതിന്റെ ഏതാനും ഉദാഹരണം താഴെ ചേർക്കുന്നു. (1 മുതൽ 6 വരെയുള്ള വാർഡുകളിലെ കെട്ടിടങ്ങളുടെ സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം).

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥൻ | ഫയൽ നം. | ആകെ വിസ്തീർണ്ണം ($M^2$) | റിമാർക്സ് |
|---|---|---|---|---|---|
| 1 | 2/248 (1) മുതൽ 2/248 (28) വരെ | ഹംസ, കോളോത്ത് പറമ്പിൽ ഹൗസ് | BA/116 /19-20 | 800.63 | എല്ലാ കെട്ടിടങ്ങളും '200 ച.മീറ്റർ മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ' കെട്ടിടങ്ങളുടെ നിരക്കിൽ (140 രൂപ) വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു. |
| 2 | 1/121 (1) മുതൽ 1/121 (10) വരെ | മുഹമ്മദ് മുസ്തഫ, വെള്ളത്തേ തൊടി ഹൗസ് | BA/237 /19-20 | 262.22 | എല്ലാ കെട്ടിടങ്ങളും '100 ച.മീറ്റർ മുകളിൽ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' കെട്ടിടങ്ങളുടെ നിരക്കിൽ (90 രൂപ) വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു. |
| 3 | 4/67 (4) മുതൽ 4/67 (6) വരെ | ഹരിഗോവിന്ദൻ, ദ്വാരക ഹൗസ് | BA/58/ 20-21 | 110.59 | ടി |
| 4 | 6/16 (1) മുതൽ 6/16 (12) വരെ | അബ്ദുൾ സമദ്, കല്ലായികുന്നത്ത് ഹൗസ് | BA/69/ 16-17 | 317.87 | ടി |
| 5 | 6/205 (2) മുതൽ 6/205 | റഷീദ്.എം.വി, മാങ്ങാട്ടുവളപ്പിൽ ഹൗസ് | BA/851/ 17-18 | 131.02 | ടി |

| | | | | | |
|---|---|---|---|---|---|
| | (5) വരെ | | | | |

2. ഒരാളുടെ ഉടമസ്ഥതയിലുള്ള ഒരേ പ്ലാനിലുള്ള 100 ച.മീന് മുകളിലുള്ള ഒരേ ഉപയോഗക്രമമുള്ള വാണിജ്യ കെട്ടിടത്തെ വിവിധ കടമുറികളായി വിഭജിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചതിന്റെ ഏതാനും ഉദാഹരണം താഴെ ചേർക്കുന്നു (ഒറ്റപ്പാലം നഗരസഭയിലെ 1 മുതൽ 12 വരെയുള്ള വാർഡുകളിലെ കെട്ടിടങ്ങളുടെ സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം).

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥൻ | ഫയൽ നം. | ആകെ വിസ്തീർണ്ണം ($M^2$) | റിമാർക്സ് |
|---|---|---|---|---|---|
| 1 | 1/361 (1) മുതൽ 1/361 (5) വരെ | ലക്ഷ്മികുട്ടി, വലിയകളത്ത് ഹൗസ് | BA/581 /17-18 | 111.76 | എല്ലാ കെട്ടിടങ്ങളും '100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' കെട്ടിടങ്ങളുടെ നിരക്കിൽ (70 രൂപ) വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു. |
| 2 | 3/285 (1) മുതൽ 3/285 (9) വരെ | ഷനോജലി, വാഴകുഴിയിൽ ഹൗസ് | BA/479 /15-16 | 227.14 | ടി |
| 3 | 4/67 (4) മുതൽ 4/67 (6) വരെ | ഹരിഗോവിന്ദൻ, ദ്വാരക ഹൗസ് | BA/58/ 20-21 | 110.59 | ടി |
| 4 | 7/536 (2) മുതൽ 7/536 (10) വരെ | പ്രസിഡണ്ട്, എൻ എസ് എസ് താലൂക്ക് യൂണിയൻ ഓഫീസ് | BA/297 /19-20 | 339.96 | ടി |
| 5 | 7/331 (1) മുതൽ | സബീർ, മണൽപറമ്പിൽ ഹൗസ് | BA/144 /19-20 | 215.01 | 7/331 (2), 7/331 (3) എന്നീ കെട്ടിടങ്ങൾ '100 ച.മീറ്റർ മുകളിൽ തറവിസ്തീർണ്ണം ഉള്ള |

| | | | | | |
|---|---|---|---|---|---|
| | 7/331 (3) വരെ | | | | ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' കെട്ടിടങ്ങളുടെ നിരക്കിൽ (90 രൂപ) വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും 7/331 (1) കെട്ടിടത്തിന് '100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' കെട്ടിടങ്ങളുടെ നിരക്കിലുമാണ് (70 രൂപ) വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. |
| 6 | 10/398 (1) മുതൽ 10/398 (12) വരെ | ഷാഹുൽ ഹമീദ്, കണ്ണേലി ഹൗസ് | BA/533 /15-16 | 342.64 | എല്ലാ കെട്ടിടങ്ങളും '100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' കെട്ടിടങ്ങളുടെ നിരക്കിൽ (70 രൂപ) വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു. |
| 7 | 10/342 (1) മുതൽ 10/342 (11) വരെ | അസ്കർ അലി കെ, മുഹമ്മദ് കാസിം കെ | BA/47/ 17-18 | 142.44 | ടി |
| 8 | 12/167 മുതൽ 12/167 (4) വരെ | കിരൺ നായർ, രവി പ്രഭ | BA/25/ 17-18 | 184.66 | ടി |
| 9 | 12/202 മുതൽ 12/202 (3) വരെ | എ എച്ച് ഷാജി, എ എച്ച് സുനിൽഷാ, അമ്പലത്ത് വീട് | BA/551/ 17-18 | 120.98 | ടി |

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കാതെ മേൽ പ്രകാരം കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/14.12.2022) വസ്തു നികുതി നിർണ്ണയിച്ചത് പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ സഞ്ചയയിൽ വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

സഞ്ചയയിലെ 1 മുതൽ 36 വരെയുള്ള മുഴുവൻ വാർഡുകളുടെയും അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ച് മേൽ പ്രകാരമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചത് പുന:പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തി വസ്തു നികുതി ഇനത്തിലുണ്ടായ നഷ്ടം കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി മുനിസിപ്പാലിറ്റി പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ മുനിസിപ്പാലിറ്റി പ്രമേയം മൂലം നിശ്ചയിച്ച് ആയതിനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു.

14.01.2011-ലെ സ.ഉ(അ)നം.17/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച വിജ്ഞാപനം പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 18.11.2019-ലെ സ.ഉ(അ)നം.82/2019/തസ്വഭവ പ്രകാരം 2006-ലെ മൈക്രോ സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്കും 08.09.20120-ലെ സ.ഉ(അ)നം.52/2020/തസ്വഭവ പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേകൾക്കും ബാധകമായ നികുതി നിരക്കുകളുടെ പരിധികൾ കൂട്ടിച്ചേർത്ത് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ മൈക്രോ സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്കും റസിഡൻഷ്യൽ ഹോംസ്റ്റേകൾക്കും നഗരസഭാ പ്രദേശത്ത് ബാധകമായ നികുതി നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. വസ്തുനികുതി നിരക്കുകൾ നിശ്ചയിക്കാത്തതിന്റെ കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 03/13.12.2022) തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

മൈക്രോ സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്കും റസിഡൻഷ്യൽ ഹോംസ്റ്റേകൾക്കും നഗരസഭാ പ്രദേശത്ത് ബാധകമായ നികുതി നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 ലീസ് ഓൺ ലാന്റ് - കുടിശ്ശിക ഈടാക്കേണ്ടതാണ്

നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് അബ്ദുൾ റഷീദ് എന്നവരുടെ ഉടമസ്ഥതയിലുള്ള ചൈനീസ് മേള എന്ന സ്ഥാപനം വാടകയ്ക്ക് പ്രവർത്തിച്ച് വരുന്നു (ഫയൽ നം. R3/17179/17). ടി സ്ഥാപനത്തിന് 2018-2019 വർഷം ലൈസൻസ് പുതുക്കി നൽകിയിരുന്നില്ല. ഇതിനെതിരായി ടിയാൻ ഹൈക്കോടതിയിൽ Wpc No. 18584/2020 നമ്പറായി കേസ് ഫയൽ ചെയ്യുകയും ടി കേസിൽ നഗരസഭയ്ക്കനുകൂലമായി 14.09.2020 ൽ കോടതി വിധി പുറപ്പെടുവിച്ചിട്ടുമുണ്ട്. എന്നാൽ ഇതുവരെയായും കോടതി വിധി നടപ്പിലാക്കുകയോ കക്ഷിയിൽനിന്നും വാടക കുടിശ്ശിക ഈടാക്കുകയോ ചെയ്തിട്ടില്ല.

നഗരസഭയുടെ 2021-22 വാർഷിക ധനകാര്യ പത്രിക (ബാലൻഷീറ്റ് B-15) പ്രകാരം ലീസ് ഓൺ ലാന്റിനത്തിൽ ആകെ 635139/- രൂപ (തൻവർഷ കുടിശ്ശിക 84500/- രൂപ, മുൻവർഷങ്ങളിലെ കുടിശ്ശിക 550639/- രൂപ) നഗരസഭ പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. കുടിശ്ശിക ഈടാക്കുവാനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം അറിയിക്കുവാനായി നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (നം. 05/13.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539 പ്രകാരം മുനിസിപ്പാലിറ്റിക്ക് പിരിഞ്ഞു കിട്ടേണ്ടതായ തുകകൾ അത് ഈടാക്കേണ്ട കാലാവധി കഴിഞ്ഞ് 4 വർഷത്തിനുശേഷം ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാവുന്നതല്ല. സെക്ഷൻ 539(2) പ്രകാരം യഥാസമയം നടപടി കൈക്കൊള്ളുന്നതിലുള്ള വീഴ്ച മൂലം മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ടതായ തുക (1)-ാം ഉപവകുപ്പ് പ്രകാരം കാലഹരണപ്പെടുന്നപക്ഷം അത് ഏത് ഉദ്യോഗസ്ഥന്റെ അഥവാ ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണ് നഷ്ടപ്പെടാൻ ഇടയായിട്ടുള്ളത് എന്ന് നിയമാനുസരണമുള്ള അന്വേഷണത്തിൽ ബോദ്ധ്യപ്പെടുന്നപക്ഷം ആ ഉദ്യോഗസ്ഥരിൽ നിന്ന് 12 ശതമാനം പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. ആയതിനാൽ ലീസ് ഓൺ ലാന്റിനത്തിലുള്ള കുടിശ്ശിക ഈടാക്കുവാനുള്ള അടിയന്തിര തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ - അർഹത പുന:പരിശോധിക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്‌മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ തന്നെ 'നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട' 968 കെട്ടിടങ്ങൾ ഉള്ളതായി കാണുന്നു. ഇതിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ, നഗരസഭയ്ക്ക് കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ, വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടങ്ങൾ, കേരള മുനിസിപ്പാലിറ്റി നിയമം/സർക്കാർ ഉത്തരവുകൾ പ്രകാരം ഇളവുള്ള കെട്ടിടങ്ങൾ തുടങ്ങിയ നിരവധി കെട്ടിങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങളെ ഉപയോഗക്രമത്തിൽ തന്നെ 'നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട' കെട്ടിടങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ പല കെട്ടിടങ്ങൾക്കും നികുതി ഇളവ് ചെയ്തു നൽകിയതിന്റെ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതുമൂലം കെട്ടിടങ്ങളുടെ ഉപയോഗക്രമം, വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുവാനുള്ള കാരണം എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ/സ്ഥാപനത്തിന്റെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | റിമാർക്സ് |
|---|---|---|---|---|
| 1 | 1/38(1) | സുഹറ, ചാത്തംകുളം | 59.49 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. |
| 2 | 1/81(1) | ദിവ്യ, മലയരികത്ത് | 59.66 | ടി |
| 3 | 1/298(1) | വിജയൻ, കുണ്ടുപറമ്പിൽ | 54.55 | ടി |
| 4 | 2/33(1) | പരീദ് ആയിഷ, എറഞ്ഞിയംപാടത്ത് | 59.92 | ടി |
| 5 | 3/51(2) | വിജയലക്ഷ്മി, കുറവക്കൽ | 59.17 | ടി |
| 6 | 4/143(1) | അബ്ബാസ്, അമ്പലപ്പറമ്പിൽ | 58.72 | ടി |
| 7 | 4/156(1) | മണികണ്ഠൻ, പുത്തൻവീട്ടിൽ | 59.77 | ടി |
| 8 | 5/1(1) | മോഹിനിദാസൻ, ചപ്പാലതൊടിയിൽ | 60 | ടി |
| 9 | 5/18(1) | നൂർജഹാൻ, പണിക്കവീട്ടിൽ | 60 | ടി |
| 10 | 5/311(3) | ചാമി | 35 | ടി |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/16.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. സഞ്ചയയിലെ 1 മുതൽ 36 വരെയുള്ള മുഴുവൻ വാർഡുകളുടെയും അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ച് മതിയായ കാരണങ്ങളില്ലാതെ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ നടപടി പുന:പരിശോധിച്ച് അർഹതയ്ക്ക് വിധേയമായി കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. വസ്തുനികുതി അപ്പീൽ രജിസ്റ്റർ, നികുതി എഴുതിതള്ളൽ സംബന്ധിച്ച രജിസ്റ്റർ, വേക്കൻസി റെമിഷൻ രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 നഗരസഭ വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങൾ - അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര്/ സ്ഥലം | ആകെ മുറികൾ | നിലവിൽ വാടകക്ക് നൽകി യിട്ടുള്ളവ | ഒഴിഞ്ഞ് കിടക്കുന്നവ |
|---|---|---|---|---|
| 1 | ന്യൂ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് | 112 | 60 | 52 |
| 2 | മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് | 36 | 16 | 20 |
| 3 | പഴയ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | 37 | 36 | 1 |
| 4 | മിനി ഷോപ്പിംഗ് കോംപ്ലക്സ് | 12 | 12 | 0 |
| 5 | മിനി ഷോപ്പിംഗ് സെന്റർ | 19 | 19 | 0 |
| 6 | വരോട് വനിതാ വ്യവസായ കേന്ദ്രം | വാടകയ്ക്ക് നൽകിയിട്ടില്ല | | |

വാടക രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/15.12.2022) ലഭിച്ച മറുപടി പരിഗണിച്ചുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ തുടർന്ന് ചേർക്കുന്നു.

### 1-18-1 ഒഴിഞ്ഞ് കിടക്കുന്ന മുറികൾ പുനർലേലം ചെയ്യേണ്ടതാണ്

ഷോപ്പിംഗ് കോംപ്ലക്സുകളിലെ ഒഴിഞ്ഞ് കിടക്കുന്ന മുറികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര് | ഒഴിഞ്ഞ് കിടക്കുന്നവ |
|---|---|---|
| 1 | ന്യൂ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് | 52 |

| | | |
|---|---|---|
| 2 | മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് | 20 |
| 3 | പഴയ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | 1 |
| 6 | വരോട് വനിതാ വ്യവസായ കേന്ദ്രം | വാടകയ്ക്ക് നൽകിയിട്ടില്ല |

മേൽ മുറികൾ 2021-22 വർഷത്തിൽ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ വേണ്ട വിധത്തിലുള്ള ലേല പരസ്യം നൽകി ആയവ പുനർലേലം ചെയ്ത് നൽകി വാടക ഇനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18-2 കടമുറികൾക്ക് ചട്ട പ്രകാരമുള്ള സംവരണം ഉറപ്പുവരുത്തേണ്ടതാണ്

2000 ത്തിലെ കേരള മുനിസിപ്പാലിറ്റി(വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം മുനിസിപ്പാലിറ്റി ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ, പാട്ടത്തിനോ നൽകുന്ന കടമുറികൾ/ ബങ്കുകൾ/സ്റ്റാളുകൾ മുതലായവയുടെ ഓരോ ഇനത്തിലും 10% പട്ടിജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ആളുകൾക്കുവേണ്ടി സംവരണം ചെയ്തു നൽകേണ്ടതാണ്. നഗരസഭയിൽ ചട്ടപ്രകാരം ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 112 മുറികളിൽ 11 മുറികൾക്കും മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സിലെ 36 മുറികളിൽ 4 മുറികൾക്കും മാത്രമാണ് സംവരണം നൽകിയിട്ടുള്ളത്. ഓരോ ഷോപ്പിംഗ് കോംപ്ലക്സുകളിലും 10% കടമുറികൾ പട്ടികജാതി/പട്ടികവർഗ വിഭാഗത്തിന് സംവരണം അനുവദിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ഏതെങ്കിലും കാരണങ്ങളാൽ ഈ വിഭാഗങ്ങൾക്ക് അർഹമായ സംവരണം കുറവുള്ളപക്ഷം ആയത് നികത്തുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-18-3 വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്

2021-22 വാർഷിക ധനകാര്യ പത്രിക (ബാലൻഷീറ്റ് B-15) പ്രകാരം വാടക ഇനത്തിൽ ആകെ 3612505/- രൂപ (തൻവർഷ കുടിശ്ശിക 2118847/- രൂപ, മുൻവർഷങ്ങളിലെ കുടിശ്ശിക 1493658/- രൂപ) പിരിച്ചെടുക്കാൻ ബാക്കി നിൽകുന്നു. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539 പ്രകാരം മുനിസിപ്പാലിറ്റിക്ക് പിരിഞ്ഞു കിട്ടേണ്ടതായ തുകകൾ അത് ഈടാക്കേണ്ട കാലാവധി കഴിഞ്ഞ് 4 വർഷത്തിനുശേഷം ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാവുന്നതല്ല. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539 (2) പ്രകാരം യഥാസമയം നടപടി കൈക്കൊള്ളുന്നതിലുള്ള വീഴ്ച മൂലം മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ടതായ തുക (1)-ാം ഉപവകുപ്പ് പ്രകാരം കാലഹരണപ്പെടുന്ന പക്ഷം അത് ഏത് ഉദ്യോഗസ്ഥന്റെ അഥവാ ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണ് നഷ്ടപ്പെടാൻ ഇടയായിട്ടുള്ളത് എന്ന് നിയമാനുസരണമുള്ള അന്വേഷണത്തിൽ ബോദ്ധ്യപ്പെടുന്ന പക്ഷം ആ ഉദ്യോഗസ്ഥരിൽ നിന്ന് 12 ശതമാനം പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. ആയതിനാൽ നഗരസഭയ്ക്ക് ലഭിക്കേണ്ട കെട്ടിടങ്ങളുടെ വാടക വരുമാനം യഥാസമയം ലഭ്യമാക്കുന്നതിനും ജി.എസ്.ടി ഇനത്തിലുള്ള തുകകൾ സർക്കാരിലേക്ക് ഒടുക്ക് വരുത്തുന്നതിനും വേണ്ട കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18-4 വാടകക്കാരുമായി ചട്ട പ്രകാരം കരാർ ചമക്കേണ്ടതാണ്

2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7(2), 8(2) എന്നിവ പ്രകാരം ഫാറം നമ്പർ III ബി യിൽ മതിയായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കേണ്ടതാണ്. 2021-22 സാമ്പത്തിക വർഷത്തിൽ ഡിമാന്റ് രജിസ്റ്റർ പ്രകാമുള്ള 140 ഓളം കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ 25 കടമുറികളുടെ വാടക കരാറുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കിയുള്ള 115 കടമുറികളുടെ വാടക കരാറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാടക രജിസ്റ്റർ പ്രകാരമുള്ള വാടകക്കാർ തന്നെയാണോ കടമുറികൾ ഉപയോഗിക്കുന്നതെന്ന് ഉറപ്പാക്കുവാൻ കഴിയുന്നില്ല. സംസ്ഥാന സർക്കാരിന് മുദ്രപത്രം ഇനത്തിൽ വരവ് നഷ്ടവും ഉണ്ടാവുന്നുണ്ട്. ആയതിനാൽ വാടക കരാർ ചമയ്ക്കാത്ത വാടകക്കാരുമായി മതിയായ മൂല്യമുള്ള

മുദ്രപത്രത്തിൽ കരാർ ചമച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18-5 വാടകയിന്മേൽ വാർഷിക വർദ്ധനവ് വരുത്തുന്നില്ല

2019-20 സാമ്പത്തിക വർഷത്തെ അതേ മാസ വാടകയ്ക്കാണ് 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലും കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളത്. ഉചിതമായ വാർഷിക വർദ്ധനവ് വരുത്താതെ കടമുറികൾ വാടകയ്ക്ക് നൽകിയത് മൂലം നഗരസഭയ്ക്ക് വാടകയിനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ട്. ആയതിലേക്ക് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

1-18-6 വാടക കരാറിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്

വാടക മുറി ഏതെന്ന് തിരിച്ചറിയുന്ന നമ്പർ വാടക കരാറിൽ ചേർക്കുന്നുണ്ടെങ്കിലും വാടക മുറിയുടെ വിസ്തീർണ്ണം, അതിരുകൾ, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ എന്നിവയുടെ വിശദാംശങ്ങൾ കരാർ പത്രങ്ങളിൽ ഉൾപ്പെടുത്തുന്നില്ല. വാടകക്കാരൻ കടമുറി എന്താവശ്യത്തിനാണ് എടുക്കുന്നതെന്ന് കരാർ പത്രത്തിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ഇക്കാരണത്താൽ കരാറിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങൾക്കാണോ മുറി ഉപയോഗപ്പെടുത്തുന്നതെന്ന് പരിശോധിക്കാൻ കഴിയാതെ വരുന്നുണ്ട്. ആയതിനാൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി കരാർ ചമക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-18-7 വാടക രജിസ്റ്ററിൽ വാർഷിക ഡി സി ബി സംക്ഷിപ്തം എഴുതുന്നില്ല

ഷോപ്പിംഗ് കോംപ്ലക്സ് തിരിച്ചുള്ള ലൈസൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ വാടക വരവിന്റെ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതുമൂലം വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വാടകയിനത്തിലെ വരവ്, വാടക കുടിശ്ശിക എന്നിവയുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിക്കുന്നില്ല. വാടക രജിസ്റ്ററിൽ വാടക വരവിന്റെ വാർഷിക ഡി സി ബി സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 തറ വിസ്തീർണ്ണം 60 ച.മീ. കൂടുതലുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിരിക്കുന്നു

16.12.2015 ലെ സ.ഉ(എം.എസ്)നം.358/15/തസ്വഭവ പ്രകാരം 60 ച.മി. വരെ തറവിസ്തീർണ്ണമുള്ള വാസഗൃഹ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം ഒരു കുടുംബനാഥൻ/നാഥയുടെ പേരിലുള്ള സ്വന്തം താമസത്തിനായി ഉപയോഗിക്കുന്ന ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. സഞ്ചയയിലെ വാർഡ് 1 മുതൽ 9 വരെയുള്ള അസ്സസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 60 ച.മീറ്ററിൽ കൂടുതലുള്ള താഴെ പറയുന്ന കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് നൽകിയതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/16.12.2022) ലഭ്യമായ മറുപടി റിമാർക്സ് കോളത്തിൽ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ/ സ്ഥാപന ത്തിന്റെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | ഉപയോഗ ക്രമം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 1/234(1) | സുലൈഖ, ചാത്തംകുളം | 64.04 | കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ 'നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട' കെട്ടിടം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇതുമൂലം കെട്ടിടങ്ങളുടെ ഉപയോഗക്രമം, വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുവാനുള്ള കാരണം എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല. | കെട്ടിടത്തിന്റെ നികുതി അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

| | | | | | |
|---|---|---|---|---|---|
| 2 | 2/346(1) | രാമൻകുട്ടി, കാളിയംതൊടി | 69.5 | കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ പാർപ്പിടാവശ്യം എന്നും Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്നും രേഖപ്പെടുത്തിയിരിക്കുന്നു. | കെട്ടിടത്തിന് നിലവിൽ നികുതി ഇളവ് നൽകിയിട്ടില്ല. |
| 3 | 3/305(1) | ചക്കി | 65 | ,, | നികുതി നിലവിലുണ്ട്. ഇളവ് നൽകിയിട്ടില്ല. |
| 4 | 4/392(1) | ഉണ്ണികൃഷ്ണൻ, കോമ്പിൽ | 158.96 | കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ 'നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട' കെട്ടിടം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇതുമൂലം കെട്ടിടങ്ങളുടെ ഉപയോഗക്രമം, വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുവാനുള്ള കാരണം എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല. | എ എൽ പി സ്കൂൾ കെട്ടിടമാണ്. |
| 5 | 4/392(2) | ,, | 76.71 | ,, | ,, |
| 6 | 4/272(1) | ഇബ്രാഹീം | 80 | കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ പാർപ്പിടാവശ്യം എന്നും Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്നും രേഖപ്പെടുത്തിയിരിക്കുന്നു. | നികുതി നിലവിലുണ്ട്. ഇളവ് നൽകിയിട്ടില്ല. |
| 7 | 5/64(2) | അബ്ദുൾ സമദ് | 89.1 | ,, | നികുതി നിലവിലുണ്ട്. ഇളവ് നൽകിയിട്ടില്ല. |
| 8 | 8/187 | ചെയർമാൻ | 100 | കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ 'നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട' കെട്ടിടം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇതുമൂലം കെട്ടിടങ്ങളുടെ ഉപയോഗക്രമം, വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുവാനുള്ള കാരണം എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല. | വിദ്യാഭ്യാസ സ്ഥാപനം |
| 9 | 9/204(3) | മറിയക്കുട്ടി, കണ്ടാടിയിൽ | 60.21 | കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ പാർപ്പിടാവശ്യം എന്നും Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്നും രേഖപ്പെടുത്തിയിരിക്കുന്നു. | നികുതി ഇളവ് നൽകാവുന്ന 660 Sqft. തറ വിസ്തീർണ്ണമുള്ള കെട്ടിടമാണ്. |
| 10 | 9/205(8) | മുഹമ്മദ് അലി, കുരിയില | 60.14 | ,, | ,, |
| 11 | 2/319(1) & 2/319(2) | നസീമ ടി, തിരുണ്ടിക്കൽ വീട് | 57.25 & 57.25 | ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള രണ്ട് കെട്ടിടങ്ങൾക്ക് സ.ഉ(എം.എസ്) നം.358/15 പ്രകാരം വസ്തു നികുതി ഇളവ് നൽകിയിരിക്കുന്നു. | 2/319(1) കെട്ടിടം 2/319(2) ന്റെ ഇരട്ടിപ്പായി വന്നതാണ്. |

ഓഡിറ്റ് നിർദ്ദേശം

1. പട്ടികയിലെ ക്രമ നം. 1 കെട്ടിടത്തിന്റെ വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

2. പട്ടികയിലെ ക്രമ നം. 2, 3, 6, 7 എന്നിവ പ്രകാരം വസ്തു നികുതി നിലവിലുള്ള കെട്ടിടങ്ങളുടെ സഞ്ചയയിലെ അസസ്മെന്റ് രജിസ്റ്ററിലെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്)

നം.358/15 എന്ന് രേഖപ്പെടുത്തിയിയത് ക്രമ പ്രകാരമല്ല. ആവശ്യമായ മാറ്റങ്ങൾ സഞ്ചയയിൽ വരുത്തേണ്ടതാണ്.

3. പട്ടികയിലെ ക്രമ നം. 4, 5 എന്നീ എ എൽ പി സ്കൂൾ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുവാനുള്ള കാരണം സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

4. പട്ടികയിലെ ക്രമ നം. 8 പ്രകാരമുള്ള വിദ്യാഭ്യാസ സ്ഥാപനം ഏതാണെന്ന് വ്യക്തമല്ല. സ്വാകാര്യ വിദ്യാഭ്യാസ സ്ഥാപനമാണെങ്കിൽ ഉപയോഗക്രമം വിദ്യാഭ്യാസത്തിനുള്ള നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

5. 2/319(1) നം. കെട്ടിടം 2/319(2) നം. കെട്ടിടത്തിന്റെ ഇരട്ടിപ്പായതിനാൽ 2/319(1) നം. കെട്ടിടത്തെ സഞ്ചയയിൽ നിന്നും നടപടിക്രമങ്ങൾ പാലിച്ച് ഒഴിവാക്കേണ്ടതാണ്.

6. സഞ്ചയയിലെ 1 മുതൽ 36 വരെയുള്ള മുഴുവൻ വാർഡുകളുടെയും അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് തറ വിസ്തീർണ്ണം 60 ച.മീറ്ററിൽ കൂടുതലുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചതും ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് സ.ഉ(എം.എസ്) നം.358/15 പ്രകാരം വസ്തു നികുതി ഇളവ് നൽകിയതും പുന:പരിശോധിച്ച് അർഹമായ കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ വിഷയങ്ങളിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 മുനിസിപ്പൽ കാന്റീൻ വാടകയ്ക്ക് നൽകി വരുമാന വർദ്ധനവ് ഉറപ്പ് വരുത്തേണ്ടതാണ്

മുനിസിപ്പൽ കാന്റീൻ കെട്ടിടം 2021-22 വർഷത്തിൽ പണിപൂർത്തീകരിച്ച് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

| കെട്ടിട നം. | വിസ്തീർണ്ണം | ഒക്യുപൻസി സർട്ടിഫിക്കറ്റ് നം. |
|---|---|---|
| 6/99(1) | 18 | BA/04/21-22/27.11.2021 |

എന്നാൽ നാളിതുവരെ മുനിസിപ്പൽ കാന്റീൻ കെട്ടിടം വാടകയ്ക്ക് നൽകിയതായി കാണുന്നില്ല. മുനിസിപ്പൽ കാന്റീൻ കെട്ടിടം വാടകയ്ക്ക് നൽകുവാനായി സ്വീകരിച്ചിട്ടുള്ള മേൽ നടപടികളുടെ വിവരം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/19.12.2022) റവന്യൂ വിഭാഗത്തിൽ പ്രസ്തുത ഫയൽ ലഭ്യമല്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

മുനിസിപ്പൽ കാന്റീൻ കെട്ടിടം വാടകയ്ക്ക് നൽകുവാനാവശ്യമായ മേൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികതി കുറവായി നിർണ്ണയിച്ചിരിക്കുന്നു

നഗരസഭയിലെ 15 മുതൽ 20 വരെയുള്ള വാർഡുകളിലെ കെട്ടിടങ്ങളുടെ സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള പല കെട്ടിടങ്ങൾക്കും അവയ്ക്ക് ബാധകമാകുന്ന ഉയർന്ന നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കാതെ കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നു.

നഗരസഭയിൽ വാണിജ്യാവശ്യത്തിനുള്ളവ '100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 70/- രൂപയും '100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 90/- രൂപയായും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നികുതി നിർണ്ണയ രേഖകൾ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിലുള്ള താഴെ പറയുന്ന കെട്ടിടങ്ങൾക്ക് അവയ്ക്ക് ബാധകമാകുന്ന ഉയർന്ന നിരക്ക് ഈടാക്കുന്നതിന് പകരം 100 ച.മീ.യിൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 70/- രൂപ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയതായി കാണുന്നു. ആയതിനുള്ള കാരണം അറിയിക്കേണ്ടതാണ്.

കെട്ടിടങ്ങളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥൻ | വിസ്തീർണ്ണം (ച.മീ.) | ഉപയോഗ ക്രമം | വസ്തു നികുതി നിലവിൽ വന്ന വർഷം |
|---|---|---|---|---|---|
| 1 | 15/3(1) | സുരേഷ് ബാബു | 126.95 | ഷോപ്പുകൾ | 2016 ഒന്നാം അർദ്ധ വർഷം |
| 2 | 15/307(2) | ശങ്കരനാരായണൻ | 284.95 | ,, | 2017 രണ്ടാം അർദ്ധ വർഷം |

| | | | | | |
|---|---|---|---|---|---|
| 3 | 15/324(35) | കമ്പനി ചെയർമാൻ & എംഡി (ഗോപിനാഥൻ & നാരായണൻ നായർ) | 121.22 | ,, | 2016 ഒന്നാം അർദ്ധ വർഷം |
| 4 | 17/63(1) | ശിവദാസൻ | 155 | ,, | 2016 ഒന്നാം അർദ്ധ വർഷം |
| 5 | 19/197 | ഹംസ പി | 150 | ,, | ,, |
| 6 | 19/266 | അബ്ദുൾ റഹ്മാൻ | 114 | ,, | ,, |

മേൽപറഞ്ഞ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി കണക്കാക്കുവാനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28/19.12.2022) വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ഏർപ്പെടുത്തി വസ്തു നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

വാണിജ്യ കെട്ടിടങ്ങൾക്ക് അവയ്ക്ക് ബാധകമാകുന്ന ഉയർന്ന നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കുന്നതിന് പകരം കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചത് പരിശോധിച്ച് (നഗരസഭയിലെ 36 വാർഡുകളിലേയും) സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി വസ്തു നികുതി ഇനത്തിലുണ്ടായ നഷ്ടം കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-22 ഡെപ്പോസിറ്റ് വർക്ക് - കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച ബാക്കി തുക നഗരസഭ ഫണ്ടിൽ വരവ് വെച്ചിട്ടില്ല

കേരള വാട്ടർ അതോറിറ്റി ഷൊർണ്ണൂർ പി എച്ച് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് (നം. പി.എച്ച്/എസ്.ആർ.ആർ/2236/2016, തീയതി - 28.02.2022) പ്രകാരം 2016-17 മുതൽ 2020-21 വരെ വിവിധ കുടിവെള്ള പദ്ധതികൾക്കായി നിക്ഷേപിച്ചിട്ടുള്ള തുകകളുടെ വിനിയോഗ ശേഷം ബാക്കിയുള്ള 3056987/- രൂപ (ചെക്ക് നം. 134817/12.02.2022) തിരികെ നഗരസഭയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയത് നഗരസഭയിൽ ഒടുക്ക് വരുത്തിയതിന്റെ വിവരം രസീതി സഹിതം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 29/19.12.2022) പ്രസ്തുത തുക നഗരസഭ ഫണ്ടിൽ വരവ് വെച്ചിട്ടില്ലെന്നും നഗരസഭ കൗൺസിൽ തീരുമാന (നം. 23/24.08.2022) പ്രകാരം തുക കേരള വാട്ടർ അതോറിറ്റിയിൽ

തന്നെ അടവാക്കി നഗരസഭയിലെ വിവിധ കുടിവെള്ള പദ്ധതികൾക്കായി വിനിയോഗിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ കേരള വാട്ടർ അതോരിറ്റിക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

വിനിയോഗ ശേഷം ബാക്കിയുള്ള 3056987/- രൂപ തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വയ്ക്കേണ്ടതും സർക്കാർ അനുമതിക്ക് വിധേയമായി മാത്രം തുക വിനിയോഗിക്കുകയോ അല്ലാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് അധിക നിരക്കിൽ വസ്തു നികുതി ഈടാക്കിയിരിക്കുന്നു

സന്തോഷ്, ഉഷസ്സ് ഹൗസ് എന്നവരുടെ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ, മുനിസിപ്പൽ എഞ്ചിനീയറുടെ കെട്ടിട നിർമ്മാണ പരിശോധന റിപ്പോർട്ട് എന്നിവ പ്രകാരമുള്ള പ്ലിന്റ് ഏരിയ – 68.35 ച.മീ. (താഴത്തെ നില – 63 ച.മീ., ടെയ്ലറ്റ് ബ്ലോക്ക് – 5.35 ച.മീ.). കംപ്ലീഷൻ പ്ലാൻ പ്രകാരം ടി കെട്ടിടം വാണിജ്യാവശ്യത്തിനുള്ള കെട്ടിടമാണ്.

ഫയൽ നം./തീയതി - BA/764/20-21/03.10.2021

മേൽ പ്ലാൻ പ്രകാരം പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുള്ള കെട്ടിട നമ്പറുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിടത്തിന്റെ ഉപയോഗം | പ്ലിന്റ് ഏരിയ (ച.മീ) | ഈടാക്കിയ വസ്തു നികുതി |
|---|---|---|---|
| 7/748 (4) | ഷോപ്പിംഗ് മാളുകൾ (വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ) | 31.62 ച.മീ | അടിസ്ഥാന വസ്തു നികുതി - 31.62*140 = 4426.8<br>മേൽക്കൂരയിന്മേലുള്ള ഇളവ് (10%) - 442.68<br>ലൈബ്രറി സെസ്സ് - 200<br>ആകെ - 4185 (3985+200) |
| 7/748 (5) | ” | 31.38 ച.മീ | അടിസ്ഥാന വസ്തു നികുതി - 31.38*140 = 4393.2<br>മേൽക്കൂരയിന്മേലുള്ള |

| | | | |
|---|---|---|---|
| | | | ഇളവ് (10%) - 439.32<br>ലൈബ്രറി സെസ്സ് - 198<br>ആകെ - 4152 (3954+198) |
| ആകെ വിസ്തീർണ്ണം | | 63 ച.മീ. | |

മേൽ വാണിജ്യ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 63 ച.മീറ്റർ മാത്രമാണ്. ടി കെട്ടിടത്തിന് 100 ച.മീ.യിൽ താഴെ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 70/- രൂപ നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കുന്നതിന് പകരം വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 140/- രൂപ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ച് വസ്തു നികുതി ഈടാക്കുവാനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 41/21.12.2022) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

മേൽ വാണിജ്യ കെട്ടിടങ്ങൾക്ക് അവയ്ക്ക് ബാധകമാകുന്ന യഥാർത്ഥ നിരക്കിൽ വസ്തു നികുതി പുനർ നിർണ്ണയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി വസ്തു നികുതി ഇനത്തിൽ കൂടുതൽ തുക ഈടാക്കിയത് വരും വർഷങ്ങളിൽ ക്രമീകരിച്ച് നൽകി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-24 ലൈസൻസ് നൽകൽ- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

2021-22 സാമ്പത്തിക വർഷത്തിൽ നഗരസഭാപരിധിയിലെ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതിന്റെ കാര്യക്ഷമത പരിശോധിക്കുന്നതിനായി ലക്ഷ്യമിടുകയും ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിക്കുകയും ചെയ്തു. പരിശോധനയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

### 1-24-1 ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്

എസ്.ആർ.ഒ നമ്പർ 857/2020/09.12.2020 പ്രകാരം (30.10.2020 ലെ ജി.ഒ.(പി)നം62/2020/ ത.സ്വ.ഭ.വ) 2011 ലെ കേരള മുനിസിപ്പാലിറ്റി(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം അസ്സൽ ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. പുതുക്കിയ പട്ടിക-III പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് ഈടാക്കാവുന്ന ഫീസ് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളെ പട്ടിക-I, പട്ടിക-II എന്നിവയുടെ കീഴിൽ കൊണ്ടു വന്ന് വേർതിരിച്ചിട്ടുമുണ്ട്. നിലവിൽ ലൈസൻസ് ചട്ടങ്ങൾ, 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക

പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാണ് അറിയപ്പെടുന്നത്. ഈടാക്കേണ്ട ലൈസൻസ് ഫീസിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക ലൈസൻസ് ഫീസ് |
|---|---|
| മൈക്രോ എന്റർപ്രൈസസ്- മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽ കവിയാത്തതും സേവന മേഖലയിൽ പത്തു ലക്ഷം രൂപയിൽ കവിയാത്തതും | 500/- |
| മിനി എന്റർപ്രൈസസ്- മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽകവിയുന്നതും ഒരു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ പത്തു ലക്ഷം രൂപയിൽകവിയുന്നതും ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽ കവിയാത്തതും | 1000/- |
| സ്മാൾ എന്റർപ്രൈസസ്- മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഒരു കോടി രൂപയിൽ കവിയുന്നതും അഞ്ചു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽ കവിയുന്നതും രണ്ടു കോടി രൂപയിൽകവിയാത്തതും | 5000/- |
| മീഡിയം എന്റർപ്രൈസസ്-മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ അഞ്ചു കോടി രൂപയിൽ കവിയുന്നതും പത്തു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ രണ്ടു കോടി രൂപയിൽ കവിയുന്നതും അഞ്ചു കോടി രൂപയിൽ കവിയാത്തതും | 10000/- |
| ലാർജ് എന്റർപ്രൈസസ്-മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ പത്തു കോടി രൂപയിൽ കവിയുന്നതും സേവന മേഖലയിൽ അഞ്ചു കോടി രൂപയിൽ കവിയുന്നതും | 15000/ |

നഗരസഭയിൽ ലൈസൻസിനുള്ള അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ഏതാനും ചില അപേക്ഷകളിൽ മാത്രമാണ് സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം രേഖപ്പെടുത്തിട്ടുള്ളത്. അതിനാൽ മൂലധന നിക്ഷേപത്തിനു ആനുപാതികമായ ലൈസൻസ് ഫീസ് തന്നെയാണോ ഈടാക്കുന്നതെന്ന് ഓഡിറ്റിൽ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ പല സ്ഥാപനങ്ങളിൽ നിന്നും വിവിധ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നു. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | വാർഡ് | മൂലധനം | ഈടാക്കിയ ലൈസൻസ് ഫീ (രൂപയിൽ) |
|---|---|---|---|---|
| | | | | |
| 1 | പ്രഭാത് ഏജൻസീസ് | 25/493(A) | 1500000 | 1000 |
| | | | | |
| 2 | ഇ.പി മാധവൻ നായർ | 15/143(11) | 5000000 | 5000 |

| | | | | |
|---|---|---|---|---|
| | പെട്രോളിയം | | | |
| 3 | അറക്കൽ ഫ്യൂവൽസ് | 23/177(1) | 2500000 | 1000 |
| 4 | അബ്രഹാം സി.എ, ഇ.പി പെട്രോളിയം | 26/856 | 1000000 | 5000 |
| 5 | വസന്ത പെട്രോളിയം | 27/128 | 6000000 | 5000 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/14.12.2022) മറുപടി ലഭ്യമാക്കിട്ടില്ല. ഈടാക്കിയ ലൈസൻസ് ഫീസ് ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള ഫീസിൽ നിന്നും വ്യത്യസ്ഥമാണ്. ഈടാക്കുന്ന ഫീസിന് ചട്ടങ്ങൾ പ്രകാരമുള്ള ഏകീകൃതസ്വഭാവം പുലർത്തേണ്ടതാണ്.

1-25 വിനോദ നികുതി - ജി എസ് ടി ഒടുക്കിയ ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി ഈടാക്കുന്നില്ല

1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ്സ് ടാക്സ് ആക്ടിലെ വകുപ്പ് 3 പ്രകാരം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിനോദത്തിനായുള്ള ടിക്കറ്റിന്മേൽ നിശ്ചിത നിരക്കിൽ വിനോദ നികുതി ഈടാക്കുന്നതിനുള്ള അധികാരം നൽകുന്നുണ്ട്. 01-07-2017 മുതൽ ചരക്ക് സേവന നികുതി നടപ്പാക്കിയതിന്റെ പശ്ചാത്തലത്തിൽ പുറപ്പെടുവിച്ച സ.ഉ(കൈ)നം.123/2017/തസ്വഭവ തിയതി 24-06-2017 പ്രകാരം 1-7-2017 മുതൽ വിനോദ നികുതി ഈടാക്കേണ്ടതില്ല എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ സിനിമ ടിക്കറ്റിന്മേൽ ഏർപ്പെടുത്തിയിരുന്ന ജി.എസ്.ടി നിരക്ക് 28% ൽ നിന്നും 18% ആയി കേന്ദ്രസർക്കാർ കുറവു ചെയ്ത പശ്ചാത്തലത്തിൽ സിനിമാ ടിക്കറ്റിന്മേൽ വീണ്ടും വിനോദ നികുതി ഏർപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ തീരുമാനമെടുക്കുകയും സിനിമാ ടിക്കറ്റിന്മേൽ 10% വിനോദ നികുതി ഈടാക്കുന്നതിന് അനുമതി നൽകിയിരുന്നു.

സ.ഉ(കൈ)നം.63/2019/തസ്വഭവ തിയതി 10-06-2019 പ്രകാരം 10-06-2019 മുതൽ സിനിമാ ടിക്കറ്റിന്മേൽ 10% വിനോദ നികുതി ഈടാക്കുന്നതിന് അനുമതി നൽകുകയും സ.ഉ(കൈ)നം.112/2019 /ത.സ്വ.ഭ.വ തിയതി 31-08-2019 പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ നിരക്കുകൾ പുതുക്കി നിശ്ചയിക്കുകയും പ്രാബല്യ തിയതി 1-9-2019 ആയി നിശ്ചയിക്കുകയും ചെയ്തു. ഇ-ടിക്കറ്റ് നിലവിൽ വരുന്നതുവരെ സിനിമാ ടിക്കറ്റുകൾ തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ലെന്നും ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

ഒറ്റപ്പാലം നഗരസഭയിൽ നിലവിൽ ജാസ്, ലക്ഷ്മി, ലാഡർ(Multiplex)എന്നീ 3 തിയേറ്ററുകളാണുള്ളത്. 2021-22 വാർഷിക കണക്ക് പ്രകാരം(RP-1) വിനോദനികുതി ഇനത്തിൽ 123422 രൂപ വരവുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കുവാൻ വിനോദ നികുതി രജിസ്റ്റർ, തീയേറ്ററുകളുടെ ജി.എസ്.ടി റിട്ടേണുകൾ, വിനോദ നികുതി കണക്കാക്കിയ സ്റ്റേറ്റ്മെന്റുകൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 8/14.12.2022- ന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയത് തിയറ്റർ ഉടമകൾ സമർപ്പിച്ച ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായിട്ടുള്ള വിനോദനികുതി അടവാക്കിയ സ്റ്റേറ്റ്മെന്റാണ് . ജി.എസ്.ടി ഒടുക്കിയ ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി വിനോദ നികുതി ഈടാക്കേണ്ടതാണ്. 1-1-2022 മുതൽ വിനോദ നികുതി ഈടാക്കുന്നത് ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായാണോയെന്ന് ഉറപ്പുവരുത്തി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-26 തൊഴിൽ നികുതി-പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകൾ

2021-22 വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവയുടെ പരിശോധിച്ചു. തൊഴിൽ നികുതി ഇനത്തിൽ നഗരസഭയ്ക്ക് ലഭിച്ച വരുമാനം താഴെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | തുക |
|---|---|---|
| 1 | Profession Tax - Employees | 7643364 |
| 2 | Profession Tax - Institutions/Professionals/Traders (Current) | 1562719 |
| 3 | Profession Tax - Institutions/Professionals/Traders (Arrears) | 164470 |
| | ആകെ | 9370553 |

എ) ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ല

2021-22 വർഷത്തെ രണ്ട് അർദ്ധ വർഷങ്ങളിലെ ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ലെന്ന് ബോധ്യപ്പെട്ടു. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 257 പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള ഡിമാന്റ് രജിസ്റ്ററുകളിൽ സ്ഥാപനങ്ങളുടെ പേര് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ജീവനക്കാരുടെ പേരു വിവരം, അർദ്ധ വാർഷിക വരുമാനം മുതലായവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. തൊഴിൽ നികുതി അടവാക്കിയ സ്ഥാപനങ്ങൾ, അടവാക്കാനുള്ള സ്ഥാപനങ്ങൾ എന്നിവയുടെ വിവരം ഡിമാന്റ് രജിസ്റ്ററിൽ ലഭ്യമല്ല.

ബി) വരവിന്റെ കൃത്യമായ വിവരം രേഖപ്പെടുത്തി ഡി .സി.ബി സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 257 പ്രകാരം ഡിമാന്റ് രജിസ്റ്ററുകൾ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കേണ്ടതാണ്. ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിലെ തുകകളുടെ കൃത്യത ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(16/15.12.22) മറുപടി നൽകിയിട്ടില്ല. തുടർനടപടികൾ അറിയിക്കേണ്ടതാണ്

### 1-27 കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നീക്കിയിരുപ്പ് തുക - തുടർ നടപടികൾ സ്വീകരിക്കണം

നഗരസഭ സമർപ്പിച്ച 2021-22 ലെ വാർഷിക ധനകാര്യ പത്രിക, ഓഡിറ്റിന് സമർപ്പിച്ച ബാങ്ക് സ്റ്റേറ്റ്മെന്റുകൾ എന്നിവ അനുസരിച്ച് നിലവിൽ പ്രാബല്യത്തിലില്ലാത്ത കേന്ദ്രാവിഷ്കൃത പദ്ധതികളായ Integrated Housing And Slum Development Programme (IHSDP), Urban Infrastructure Development Scheme For Small And Medium Towns (UIDSSMT) എന്നിവയ്ക്കു വേണ്ടി മുൻവർഷങ്ങളിൽ ലഭ്യമായ താഴെ പറയുന്ന തുകകൾ ബാങ്ക് അക്കൗണ്ടുകളിൽ നീക്കിയിരുപ്പുണ്ട്.

| ക്രമ നം. | അക്കൗണ്ട് | നമ്പർ | 31.3.21 ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | PNB-IHSDP A/C | 432500100112551 | 2,29,29,434.00 |
| 2 | SBI UIDSSMT.SB A/C | 32252393449 | 1,55,489.00 |
| ആകെ | | | 23084923.00 |

നിലവിൽ പദ്ധതികൾ പ്രാബല്യത്തിലില്ലാത്ത തിനാൽ, മേൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് തുക തിരികെ ഒടുക്കുകയോ, സർക്കാർ അനുമതിയോടെ മാത്രം മറ്റ് പദ്ധതികൾക്ക് വിനിയോഗിക്കുകയോ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-28 പി എം എ വൈ -അർബ്ബൻ പദ്ധതി - 951 വീടുകൾ പൂർത്തീയാക്കുവാൻ അവശേഷിക്കുന്നു

ഓഡിറ്റ് വർഷത്തിൽ പി.എം.എ.വൈ അർബൻ ഭവന നിർമ്മാണ പദ്ധതിക്കായി താഴെപറയുന്ന തുകകൾ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

| കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | തദ്ദേശ വിഹിതം | ആകെ |
|---|---|---|---|
| 38.8 ലക്ഷം | 13 ലക്ഷം | 49.8 ലക്ഷം | 101.6 ലക്ഷം |

നഗരസഭയിലെ പി എം എ വൈ അർബൻ ഭവന നിർമ്മാണ പദ്ധതിയുടെ 2021-22 വരെയുള്ള സ്ഥിതി വിവര കണക്കുകൾ താഴെ ചേർക്കുന്നു.

| DPR നം | ആരംഭിച്ച വർഷം | ആകെ ഗുണഭോക്താക്കളുടെ എണ്ണം | കരാർ ചമച്ച ഗുണഭോക്താക്കളുടെഎണ്ണം | അടങ്കൽ (ലക്ഷത്തിൽ) | | | ചെലവഴിച്ച തുക(ലക്ഷത്തിൽ) | | | ഒന്നാം ഗഡു കൈപ്പറ്റിയ വരുടെ എണ്ണം | രണ്ടാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം | മൂന്നാം ഗഡു കൈപ്പറ്റിയവരുടെഎണ്ണം | നാലാം ഗഡു കൈപ്പറ്റിയ വരുടെ എണ്ണം | പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നവ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | തദ്ദേശ വിഹിതം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | തദ്ദേശ വിഹിതം | | | | | |
| 1 | 2016-17 | 369 | 360 | 553.5 | 184.5 | 738 | 487.5 | 162.5 | 707.2 | 360 | 353 | 345 | 314 | 55 |
| 2 | 2017-18 | 264 | 254 | 396 | 132 | 528 | 317.4 | 105.8 | 483.6 | 254 | 250 | 245 | 188 | 76 |
| 3 | 2017-18 | 124 | 115 | 186 | 62 | 248 | 139.5 | 46.5 | 206 | 115 | 107 | 96 | 73 | 51 |
| 4 | 2018-19 | 591 | 571 | 886.5 | 327.5 | 1150 | 709.2 | 236.4 | 1035.2 | 571 | 565 | 506 | 175 | 416 |
| 5 | 2020-21 | 352 | 254 | 528 | 176 | 704 | 84.6 | 28.2 | 132 | 254 | 193 | 65 | 0 | 352 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 6 | 2021-22 | 1 | 1 | 1.5 | 0.5 | 2 | 0 | 0 | 0 | 0 | 0 | 0 | 0 | 1 |
| | ആകെ | 1701 | 1555 | 2551.5 | 882.5 | 3370 | 1738.2 | 579.4 | 2564 | 1554 | 1468 | 1257 | 750 | 951 |

മേൽ കണക്കുകൾ അനുസരിച്ച് 2021-22 വരെയുള്ള DPR കൾ പ്രകാരം 951 വീടുകളുടെ നിർമ്മാണം പൂർത്തീയാക്കുവാൻ അവശേഷിക്കുന്നുണ്ട്.

അർബൻ ഹൗസിങ്ങ് മിഷൻ മെമ്പർ സെക്രട്ടറിയുടെ സർക്കുലർ നം.5476/N/15/KSHO തീയതി 5.11.2015 ലെ നിർദ്ദേശങ്ങൾക്കനുസൃതമായി വീടുകളുടെ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 ഡി.എ.വൈ-എൻ.യു.എൽ.എം പദ്ധതി - അവലോകനം

നഗരങ്ങളിലെ പാവപ്പെട്ടവരുടെ ദാരിദ്ര്യവും കഷ്ടപ്പാടും ലഘൂകരിക്കുന്നതിന് ഉണ്ടായിരുന്ന പദ്ധതിയായ സ്വർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജനയ്ക്ക്(എസ്.ജെ.എസ്.ആർ.വൈ) പകരം കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയ നൂതന പദ്ധതിയാണ് ദീൻ ദയാൽ അന്ത്യോദയ യോജന- ദേശീയ നഗര ഉപജീവന മിഷൻ (ഡി.എ.വൈ-എൻ.യു.എൽ.എം). ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തന ങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന കുടുംബശ്രീ മിഷനാണ് കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലയുള്ള നോഡൽ ഏജൻസി. 2015 മെയ് മാസത്തിൽ ആദ്യ ഘട്ടമെന്ന നിലയിൽ കേരളത്തിലെ 14 നഗരങ്ങളിലും തുടർന്ന് 2016 നവംബർ 1 മുതൽ മുഴുവൻ നഗര പ്രദേശങ്ങളിലും പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. നഗര ദാരിദ്യത്തിന്റെ 3 പ്രധാന മാനങ്ങൾ മിഷൻ മാർഗ്ഗരേഖ പ്രകാരം അടിസ്ഥാന സൗകര്യം, സാമൂഹിക ദുർബലതകൾ, തൊഴിൽ പരമായ ദുർബലതകൾ എന്നിവയാണ്. ഇവ ലഘൂകരിക്കുന്നതിന് മിഷൻ വിഭാവനം ചെയ്യുന്നത് പ്രധാനമായും 7 ഘടകങ്ങളിലൂടെയാണ്. അവ താഴെ നല്കുന്നു.

(1) സാമൂഹ്യ സംഘാടനവും സ്ഥാപന വികസനവും
(2) കാര്യശേഷി വികസനവും പരിശീലനവും
(3) നൈപുണ്യ പരിശീലനവും തൊഴിലവസരങ്ങൾ ഉറപ്പിക്കലും
(4) സ്വയം തൊഴിൽ പദ്ധതി
(5) നഗരങ്ങളിലെ തെരുവ് കച്ചവടക്കാർക്കുള്ള സഹായ പദ്ധതികൾ
(6) നഗരങ്ങളിൽ ഭവനരഹിതർക്കുള്ള അഭയ കേന്ദ്രങ്ങൾ സ്ഥാപിക്കൽ
(7) നൂതന ആശയ-സവിശേഷ പദ്ധതികൾ

ദീൻ ദയാൽ അന്ത്യോദയ യോജന- ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഒറ്റപ്പാലം നഗരസഭയിൽ ഒരു സിറ്റി മിഷൻ മാനേജരും, ഒരു മൾട്ടി ടാസ്ക് പേർസണും ഒരു കമ്മ്യൂണിറ്റി ഓർഗനൈസറും നിലവിലുണ്ട്.

എൻ.യു.എൽ.എം പദ്ധതിയുടെ 2021-22 വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വരവ് | തുക (₹) | ചെലവ് | തുക (₹) |
|---|---|---|---|
| മുന്നിരിപ്പ് | 645260.00 | കപ്പാസിറ്റി ബിൽഡിങ്ങ് & ട്രെയിനിങ്ങ് - സാലറി | 940821 |
| കപ്പാസിറ്റി ബിൽഡിംഗ് & ട്രെയിനിംഗ് - സാലറി | 707050.00 | സിറ്റി ലൈവ് ലി ഹുഡ് സെന്റർ | 0 |
| റിവോൾവിംങ് ഫണ്ട്(NHGs) | 170000.00 | റിവോൾവിംഗ് ഫണ്ട് (NHGs) | 170000.00 |
| സിറ്റി ലൈവ്ലി ഹുഡ് സെന്റർ | 0 | EST & P – യാത്രാബത്ത | 0 |

| | | | |
|---|---|---|---|
| റിസോഴ്സ് ഓർഗനൈസേഷൻ ഫണ്ട് | 192000.00 | റിസോഴ്സ് ഓർഗനൈ സേഷൻ ഫണ്ട് | 371500.00 |
| ബാങ്ക് പലിശ | 5074.00 | എക്സിക്യൂട്ടീവ് ഡയറക്ടർ- കുടുംബശ്രീ (SNA Account) | 229269.00 |
| | | സ്വയംതൊഴിൽ പദ്ധതി(SEP)-EDP Training | 4680.00 |
| | | ഹരിത കർമ്മ സേന ട്രയിനിംങ് ബത്ത | 1500.00 |
| | | ബാങ്ക് ചാർജസ് | 614.00 |
| | | നീക്കിയിരിപ്പ് | 1000 |
| ആകെ | 1719384.00 | ആകെ | 1719384.00 |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പദ്ധതികളുടെമോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

2. നഗര ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ നൂതന പ്രൊജക്ടുകൾ നടപ്പിലാക്കാവുന്നതാണ്.

1-30 മുൻകൂർ തുകകൾ യഥാസമയം ക്രമീകരിക്കുന്നില്ല

നഗരസഭയിൽ വിന്യസിച്ചിട്ടുള്ള സാംഖ്യ സോഫ്റ്റ്‌വെയറിലെ രേഖപ്പെടുത്തലുകൾ പ്രകാരം 2021-22 വർഷം വിവിധ ചെലവുകൾക്കായി താഴെ പറയുന്ന തുകകൾ മുൻകൂറായി അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | മുൻകൂർ തുക | വൌച്ചർ/ചെക്ക് നം. & തീയതി | സാംഖ്യ യിൽ രേഖപ്പെ ടുത്തിയ തീയ്യതി | ചെലവിനം | കൈപ്പറ്റിയ ജീവനക്കാരന്റെ പേര് |
|---|---|---|---|---|---|
| 1 | 4500.00 | 22100150/ 464868/6.5.21 | 6.9.21 | മരങ്ങളുടെ ചില്ല മുറിച്ച് മാറ്റുന്നതിന് | ശ്രീ.സുധീന്ദ്രൻ |
| 2 | 200000.00 | 22100166/464874 /12.521 | 28.9.21 | പ്രീ മൺസൂൺ ശുചീകരണം | ശ്രീ.സുധീന്ദ്രൻ |
| 3 | 200000.00 | 22100282/525128 /11.6.21 | 8.11.21 | പ്രീ മൺസൂൺ ശുചീകരണം | ശ്രീ.സുധീന്ദ്രൻ |
| 4 | 9000.00 | 22100603/633709 /6.9.21 | 20.12.21 | അനാഥശവം സംസ്കരിക്കുന്നതിന് | ശ്രീ.ശ്രീവിലാസ് |
| 5 | 2800.00 | 22100661/633736 /14.9.21 | 29.12.21 | മരങ്ങളുടെ ചില്ല മുറിച്ച് മാറ്റുന്നതിന് | ശ്രീമതി.അനീഷ മോഹൻ |
| 6 | 50000.00 | 22100748/633782 /22.10.21 | 7.1.22 | മരങ്ങളുടെ ചില്ല മുറിച്ച് മാറ്റുന്നതിന് | ശ്രീ.സുധീന്ദ്രൻ |
| 7 | 15000.00 | 22100842/751573 /22.11.21 | 12.1.22 | അതി ദാരിദ്ര്യ ജനകീയ സമിതി | ശ്രീ.സുധീന്ദ്രൻ |
| 8 | 20000.00 | 22101359/890862 /17.3.22 | 17.3.22 | രജിസ്ട്രേഷൻ ചാർജ്ജ് | ശ്രീ.നൗഫൽ |

മുൻകൂർ രജിസ്റ്ററിൽ മേൽവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. സാംഖ്യയിലെ മിസലേനിയസ് അഡ്വാൻസ് അക്കൗണ്ട് ഹെഡ് 460100700 ന്റെ ലെഡ്ജർ പ്രകാരം 1.4.21 ന് Opening Balance രൂ.1801990.00 യും 31.3.22 ന് Closing Balance രൂ.2198639.00 യും യുമാണ്. Closing Balance തുകയായ 2198639.00 രൂപ

ക്രമീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. മുൻകൂർ തുകകൾ ക്രമീകരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 26/19.12.22 ന് മറുപടി സമർപ്പിച്ചിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 99, സ.ഉ(പി)നം.419/2011/ഫിൻ തീ 4.10.2011 എന്നിവ പ്രകാരം മുൻകൂർ തുകകൾ പരമാവധി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിച്ച് ക്രമീകരിക്കാത്ത പക്ഷം 18% പലിശ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മേൽ പട്ടികയിലെ തുകകൾ 3 മാസത്തിനകം ക്രമീകരിക്കാത്തതിനാൽ, ക്രമീകരിക്കുന്ന വേളയിൽ കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 99, സർക്കാർ ഉത്തരവ് (പി)419/2011/ഫിൻ തീ 4.10.2011 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബാധകമായ പലിശ കൂടി ഈടാക്കേണ്ടതും, വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-31 മാലിന്യ സംസ്കരണമേഖലയിൽ തിരിച്ചറിഞ്ഞ പോരായ്മകൾ പരിഹരിക്കേണ്ടതാണ്

തൻവർഷത്തെ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്ട്സ് പരിശോധിച്ചതിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് എടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1) 12-02-2021 ചേർന്ന യോഗ അജണ്ട എച്ച് 1-3612/2021 പ്രകാരം നഗരസഭ ഉടമസ്ഥതയിലുള്ള പനമണ്ണ ട്രഞ്ചിംഗ് ഗ്രൗണ്ട് മാലിന്യ സംസ്കരണ പ്ലാന്റിലെ ജൈവവള നിർമ്മാണ യൂണിറ്റിലെ മുഴുവൻ യന്ത്രസാമഗ്രികളും നിലവിൽ പ്രവർത്തന രഹിതമായിരിക്കുന്നുവെന്നും ബെയ്‌ലിംഗ് & ഷ്രെഡിംഗ് യൂണിറ്റ് റൂമിന്റെ ഷട്ടറുകൾ വെള്ള ടാങ്ക് എന്നിവ പൂർണ്ണമായും നാശമായിരിക്കുന്നുവെന്നും സ്റ്റാഫ് റൂം തകർന്നു വീഴാവുന്ന അവസ്ഥയിലാണെന്നും ഹെൽത്ത് ഇൻസ്പെക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

ട്രഞ്ചിംഗ് യൂണിറ്റിലെ നിലവിലെ അവസ്ഥ അറിയിക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള( 36/20-12-22 ) മറുപടിയിൽ ട്രഞ്ചിംഗ് യൂണിറ്റിലെ ഷ്രഡിങ്ങ് & ബെയ്‌ലിംഗ് മെഷിനറികൾ നിലവിൽ പ്രവർത്തന സജ്ജമാണെന്നും പുതിയ സ്റ്റാഫ് റൂം നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

2) 17-06-2021 ചേർന്ന യോഗത്തിൽ (3) പ്രകാരം നഗരസഭയിൽ പ്രവർത്തിക്കുന്ന 3 തുമ്പൂർമുഴി ജൈവ യൂണിറ്റികളിൽ 2 എണ്ണം പ്രവർത്തന രഹിതമായിട്ടുള്ളതായി ഹെൽത്ത് ഇൻസ്പെക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

നിലവിൽ രണ്ട് തുമ്പൂർമുഴി ജൈവ യൂണിറ്റികൾ പ്രവർത്തിക്കുന്നുണ്ടെന്നും പാലപ്പുറം യൂണിറ്റ് പ്രദേശവാസികളുടെ എതിർപ്പുമൂലം പ്രവർത്തിക്കുവാൻ സാധിക്കുന്നില്ലായെന്നും അറിയിച്ചിട്ടുണ്ട്.

3) 25-09-21, 17-06-2021 ചേർന്ന യോഗത്തിൽ (5) ഹരിതകർമ്മ സേനകൾക്ക് മാലിന്യം നൽകുന്നവരും നൽകാത്തവരുമായ വീടുകളുടെയും സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-32 ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്ട് നം., പേര് - 2/22, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ

അടങ്കൽ - 400000 രൂപ

ഫണ്ട് - മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചെലവ് -400000 രൂപ (ബിൽ നം. 01/21-22/06.01.2022)

പെർഫോർമ ഇൻവോയ്സ് നം. - PF 1084/30.11.2021

നിർവഹണോദ്യോഗസ്ഥ – മെഡിക്കൽ ഓഫീസർ (ഹോമിയോ)

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഹോംകോയ്ക്ക് 400000 രൂപ നൽകിയിട്ടുണ്ട് (അക്കൗണ്ട് നം. 34306403911, എസ് ബി ഐ). എന്നാൽ നാളിതുവരെ മരുന്നുകൾ ഒന്നും ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ ഹോംകോയ്ക്ക് പലതവണ കത്ത് നൽകിയിട്ടുണ്ട്. ഹോംകോയിൽ

നിന്നും മരുന്നുകൾ ലഭ്യമാക്കുവാനായി സ്വീകരിച്ചിട്ടുള്ള തുടർ നടപടികളുടെ വിവരം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/14.12.2022) ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

പെർഫോർമ ഇൻവോയ്സ് (നം. PF 1084/30.11.2021) പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കി മരുന്നുകളുടെ ബാച്ച് നം., എക്സ്പെയർ തീയതി എന്നിവ രേഖപ്പെടുത്തിയ ഒറിജിനൽ ഇൻവോയ്സ് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 പട്ടികജാതി വിദ്യാർത്ഥികൽക്ക് സ്കോളർഷിപ്പ് - അർഹമായ തുക അനുവദിച്ചില്ല

| പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ് | ബിൽ നം., തീയ്യതി |
|---|---|---|---|
| 18/22 | 1000000 | 575000 | 2/5-03-22 -4,50000<br>3/18-03-22 -125000 |
| പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | നിർവ്വഹണം- പ്രിൻസിപ്പാൾ, ഗവ. ഹൈയർ സെക്കണ്ടറി സ്കൂൾ | | ആകെ-575000 |

പ്രിൻസിപ്പാൾ, ഗവ. ഹൈയർ സെക്കണ്ടറി സ്കൂൾ നിർവ്വഹണ ഉദ്യോഗസ്ഥയായി 2021-22 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയുടെ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

സ.ഉ(കൈ) നം. 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 സബ്സിഡി മാർഗ്ഗരേഖ ഖ. 7.2.5 പ്രകാരം എസ്. സി. വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകൾക്കുള്ള ധനസഹായം എപ്രകാരമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പദ്ധതി നടത്തിപ്പിൽ വിവിധ ബില്ലുകൾ പ്രകാരം മെഡിക്കൽ, ബിരുദ/ബിരുദാന്തര ബിടെക്ക് കോഴ്സുകൾ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക നൽകിയിട്ടുണ്ട്. എന്നാൽ എഞ്ചിനിയറിംഗ് കോഴ്സിന് പഠിക്കുന്ന 3 വിദ്യാർത്ഥികൾക്ക് അർഹമായ തുക അനുവദിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കാണുക.

| പേര് /മേൽ വിലാസം | പഠിക്കുന്ന കോഴ്സ് | അനുവദിച്ച തുക | അനുവദി ക്കാവുന്ന തുക |
|---|---|---|---|
| അഖിൽ. സി.എം | ബിടെക്ക്, ഗവ. എഞ്ചിനിയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം | 20000 | 25000 |
| അശ്വതി.എം | ബിടെക്ക്, ഗവ. എഞ്ചിനിയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം | 20000 | 25000 |
| ദീപക്ക്.പി | ബിടെക്ക്., എൻ ഐ ടി കോഴിക്കോട് | 20000 | 25000 |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 15-15/12/2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന സ്കോളർഷിപ്പ് തുക തന്നെ അർഹരായ വിദ്യാർത്ഥികൾക്ക് അനുവദിക്കുവാൻ ശ്രദ്ധികേണ്ടതാണ്.

## 1-34 പ്രത്യേക സാങ്കേതിക പരിജ്ഞാനം ആവശ്യമില്ലാത്ത കെട്ടിടനിർമ്മാണം അക്രഡിറ്റഡ്

ഏജൻസിയെ ഏല്പിച്ചു

എ) 265/22 - ടേക്ക് എ ബ്രേക്ക് ( സ്പിൽ ഓവർ)

സംസ്ഥാന സർക്കാറിന്റെ 12 ഇന പദ്ധതിയുടെ ഭാഗമായി നഗരസഭാ പരിധിയിൽ കോടതി പരിസരം, വില്ലേജ് ഓഫീസ് പരിസരം എന്നിവിടങ്ങളിൽ പ്രീമിയം ടോയ്ലറ്റുകളും, നഗരസഭ ഓഫീസിലും ബസ് സ്റ്റാന്റിലുമായി 3 ടോയ്ലറ്റുകളും ഉൾപ്പെടെ 5 കംഫർട്ട് സ്റ്റേഷൻ കോംപ്ലക്സുകളിൽ പൊതുജനങ്ങൾക്ക് യാത്രാവേളയിൽ താല്ക്കാലികമായി വിശ്രമിക്കുന്നതിന് ഉപയോഗിക്കുന്നതിനാവശ്യമായ ഒരിടം ഒരുക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച പ്രോജക്ട് ആണ് ടേയ്ക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് – 1750000 രൂപ<br>സംസ്ഥാന ഗ്രാന്റ് – 1750000 രൂപ<br>ആകെ 3500000 രൂപ |
| നിർവ്വഹണം | അസി. എഞ്ചിനീയർ |
| നിർവ്വഹണ ഏജൻസി: | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം |
| സാങ്കേതിക അനുമതി | 30/2020-21 തീ.06.01.2021 (6 മാസം) |
| എം ബുക്ക് | 10/2021, 11/2021 |
| ബിൽ | 48/22 -തീ.22.01.2022- 124361 രൂപ (സെന്റേജ് ചാർജ്ജ്)<br>51/22 തീ. 16.02.22- 606732രൂപ |
| എഗ്രിമെന്റ് നം. | 58/AE/LSGD/OTP/2020-21 Dt 09.11.2020 |

നഗരസഭയുടെ 20.10.2020ലെ ഇ1-16511/10 നം. കത്ത് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർമ്മിതി കേന്ദ്രത്തിനോട് ആവശ്യപ്പെടുകയും 05.11.2020ലെ ഇ 1-16511/20 നം. കത്ത് പ്രകാരം നിർമ്മിതി കേന്ദ്രത്തിന്റെ 3500000 രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും അക്രഡിറ്റഡ് ഏജൻസിവഴി നടപ്പിലാക്കുന്നതിനും കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു. പ്രവൃത്തി നിർവ്വഹണത്തിനായി ക്ലാസിക് ബിൽഡേഴ്സ് പുത്തൂർ, പാലക്കാട് എന്ന സ്ഥാപനത്തെയാണ് നിർമ്മിതി കേന്ദ്രം തെരഞ്ഞെടുത്തിരിക്കുന്നത്.

ബി) അങ്കണവാടി കെട്ടിട നിർ മ്മാണം

| പ്രോജക്ട് | 154/22 91 -ാം നമ്പർ അങ്കണവാടി നിർമ്മാണം (സ്പിൽ ഓവർ | 148/22 74 -ാം നമ്പർ അങ്കണവാടി നിർമ്മാണം (സ്പിൽ ഓവർ) |
|---|---|---|
| അടങ്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് – 500000 രൂപ<br>മെയിന്റനൻസ് ഗ്രാന്റ് – 700000 രൂപ<br>ആകെ -1200000 രൂപ | മെയിന്റനൻസ് ഗ്രാന്റ് 1389737 രൂപ |
| നിർവ്വഹണം | അസി. എഞ്ചിനീയർ | |
| നിർവ്വഹണ ഏജൻസി: | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം | |
| ഭരണാനുമതി | 1(4) 30.09.2020 | 1/11.09.2018 |
| സാങ്കേതിക അനുമതി | 2019/12707 (6മാസം) | 2018/8115 (12 മാസം) |
| ബിൽ നം | 17/22- തീ.29.10.2021 -450000 രൂപ | 15/22 - 29.10.21- 643976<br>62/22-24.03.22-156024 |

| | | |
|---|---|---|
| | | ആകെ 800000 |
| പാർട്ട് ബിൽ | 199/19.12.2019-250000 | 254/29.01.20-200000 രൂപ |
| എം ബുക്ക് | 27/2020 | 28/2020 |
| എഗ്രിമെന്റ് നം. | 127/AE/LSGD/OTP /2019-20 Dt 06.12.2019 | 152/AE/LSGD/OTP/2019-20 Dt23.12.2019 |

നിർമ്മിതി കേന്ദ്രത്തിന്റെ ടെക്ക്-3-342/19/ആർ.എൻ.കെ.പി നം. കത്തിനോടൊപ്പം നൽകിയ എസ്റ്റിമേറ്റ് 16.08.2019 ലെ കത്ത് പ്രകാരം അംഗീകരിക്കുകയും 27.11.2019 ലെ 21-ാം നമ്പർ തീരുമാന പ്രകാരം അക്രഡിറ്റഡ് ഏജൻസിവഴി നടപ്പിലാക്കുന്നതിനും കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

- സ.ഉ(കൈ)നം. 17/2018/ത.സ്വ.ഭ.വ തീയതി: 02.02.2018 പ്രകാരമുള്ള പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 3.8.2(8).iv പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ ധനവകുപ്പ് നിശ്ചയിച്ചിട്ടുള്ള നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സാധാരണ സാങ്കേതികവിദ്യ മാത്രം ആവശ്യമുള്ള പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം അക്രഡിറ്റഡ് ഏജൻസിയായ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനെയാണ് ഏല്പിച്ചിട്ടുള്ളത്. അക്രഡിറ്റഡ് ഏജൻസി മാർഗ്ഗരേഖ സ.ഉ(പി)നം. 311/14/ഫിൻ/ 30.7.2014 ലെ ഖണ്ഡിക 1 ൽ " സ്വന്തമായി എഞ്ചിനീയറിംഗ് വിഭാഗമുള്ള സ്ഥാപനങ്ങൾക്ക് തങ്ങളുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന് സാങ്കേതിക പരിജ്ഞാനം ഇല്ലാത്ത മേഖലയിലുള്ള പ്രവൃത്തികൾ സർക്കാറിന്റെ മുൻകൂർ അനുമതിയോടെ മാത്രം അക്രഡിറ്റഡ് ഏജൻസികളെ ഏല്പിക്കാവുന്നതാണ്" എന്ന് വ്യക്തമാക്കിയിട്ടുണ്ട്.
  നിരവധി സ്കൂൾ കെട്ടിടങ്ങളും അങ്കണവാടികളും കമ്മ്യൂണിറ്റി ഹാളുകളും വനിതാ വ്യവസായ കേന്ദ്രങ്ങളും 12600000 രൂപ അടങ്കലിൽ നഗരസഭാ കെട്ടിടവും നിർമ്മിച്ച നൽകിയിട്ടുള്ള എഞ്ചിനീയറിംഗ് വിഭാഗമുള്ള നഗരസഭ മേൽ പ്രവൃത്തികൾക്ക് സർക്കാർ അനുമതിയില്ലാതെ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനെ പ്രവൃത്തിയേൽപ്പിച്ച് സെന്റേജ് ചാർജ്ജിനത്തിൽ അധിക തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/16.12.2022) നിർമ്മാണ പ്രവൃത്തികൾ ടെണ്ടർ നടപടികൾ സ്വീകരിച്ച് നടപ്പിലാക്കുന്നതിന് കാലതാമസം വന്നതിനാലാണ് നിർമ്മിതി കേന്ദ്രത്തിനെ ഏല്പിച്ചതെന്നും നിലവിൽ അക്രഡിറ്റഡ് ഏജൻസികൾ മുഖാന്തിരം പ്രവൃത്തികൾ നടപ്പിലാക്കുന്നില്ല എന്നും മറുപടി നൽകിയിട്ടുണ്ട്.
  ഓഡിറ്റ് നിർദ്ദേശങ്ങൾ
- അക്രഡിറ്റഡ് ഏജൻസികളെ പ്രവൃത്തിയേല്പിക്കുന്നതിനുള്ള മാർഗ്ഗരേഖ കർശനമായി പാലിക്കേണ്ടതാണ്.
- മരാമത്ത് പ്രവൃത്തികൾക്ക്, പരമാവധി നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വിഭവശേഷി ഉപയോഗപ്പെടുത്തി നിർവ്വഹിക്കേണ്ടതാണ്.
- പൊതുമരാമത്ത് മാന്വൽ, പദ്ധതി മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ച് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-35 മരാമത്ത് പ്രവൃത്തികളുടെ പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചിതിന് ഫൈൻ ഈടാക്കിയിട്ടില്ല

മുൻസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ 2012 ലെ കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും ചട്ടപ്രകാരമുള്ള പിഴ നിശ്ചിത നിരക്കിൽ ഈടാക്കിയിട്ടില്ല എന്നും ബോധ്യപ്പെട്ടു. പ്രവൃത്തികളിൽ പൂർത്തീകരണം ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ മതിയായ മുദ്രപത്രത്തിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. പിഴ ചുമത്താതിരുന്നതു മൂലം നഗരസഭയ്ക്ക് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി.

2012 ലെ കേരള പി.ഡബ്ല്യു.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശയോടെ നഗരസഭ ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ അപൂർണ്ണമാണ്.

പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ച് നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന് ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ) എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ മതിയായ പിഴ ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്.

സ.ഉ.(സാധാ)നം.1444/2021/തസ്വഭവ തിയതി 31-7-2021 പ്രകാരം, കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നിർമ്മാണ പ്രവൃത്തികളുടെ കാലാവധി പിഴയില്ലാതെ 6 മാസം നീട്ടി നൽകിയിട്ടുണ്ട്. എന്നാൽ മേൽ കാലാവധിക്കുള്ളിലും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല വിശദ വിവരം ചുവടെചേർക്കുന്നു. തുക നഗരസഭാ ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം (1) | പ്രവൃത്തിയുടെ വിവരം | 228/22 എ.ജെ.ബി.സ്കൂൾ പാലപ്പുറം കനാൽ റോഡ് നവീകരണം (സ്പിൽ ഓവർ) |
|---|---|---|
| 1 | അടങ്കൽ - | 1300000 -മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് |
| 2 | PAC- | 1250039 |
| 3 | കരാറുകാരൻ - | സേതുമാധവൻ.കെ |
| 4 | സാങ്കേതികാനുമതി | LSGD/TS/2018-19/89885 /12.07.2018 (4 മാസം) |
| 5 | എഗ്രിമെന്റ് നം.: | 70/AE/LSGD/OTP/ 20-21 തീ.08.03.2019 |
| 6 | പാർട്ട് ബിൽ | 943531 |
| 7 | ബിൽ / വൗച്ചർ നം.നം. | 02/22 തീ.17.01.22 - 322305 രൂപ |
| 8 | എം.ബുക്ക് നം. | 87/2018 |
| 9 | പൂർത്തീകരിക്കേണ്ട തീയ്യതി: | 07.07.2019 |
| 10 | പൂർത്തീകരിച്ച തീയ്യതി | 18.01.2020 (അവസാന ചെക്ക് മെഷർ) |
| 11 | ഈടാക്കേണ്ടത് (PAC യുടെ 3%) | 37501 |
| 12 | ഈടാക്കിയത് | 0 |
| 13 | കുറവ് | 37501 |
| | കുറിപ്പ് * 18.03.2019 ന് സൈറ്റ് ഏറ്റെടുത്തതായി കരാറുകാരന്റെ കൈപ്പറ്റ് രസീതി ഉണ്ട്. പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ കാലാവധി ദീർഘിപ്പിക്കുന്നതിന് തിയതി രേഖപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും, അനുമതി നൽകിയതായോ, പിഴ ഈടാക്കി കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. | |

| ക്രമ | പ്രവൃത്തിയുടെ വിവരം | 151/22-തോടുകളുടെ നവീകരണം |
|---|---|---|

| | | |
|---|---|---|
| നം (2) | | |
| 1 | അടങ്കൽ - | 1100000-വികസന ഫണ്ട് |
| 2 | PAC- | 978301 |
| 3 | കരാറുകാരൻ - | എ.പി.സുബൈർ |
| 4 | സാങ്കേതികാനുമതി | LSGD/TS/2019-20/84320- തീ 03.03.2020 (3 മാസം) |
| 5 | എഗ്രിമെന്റ് നം.: | 01/AE/LSGD/OTP/ 2020-21- തീ 16.05.2020 |
| 6 | പാർട്ട് ബിൽ | 444/30.03.21- 953805 രൂപ |
| 7 | ബിൽ / വൗച്ചർ നം. | 27/9.11.21-139526 രൂപ |
| 8 | എം.ബുക്ക് നം. | 2/2021, 21/2021 |
| 9 | പൂർത്തീകരിക്കേണ്ട തീയ്യതി: | 15.08.2020 |
| 10 | പൂർത്തീകരിച്ച തീയ്യതി | 16.04.2021 (അവസാന ചെക്ക് മെഷർ) |
| 11 | ഈടാക്കേണ്ടത് (3%) | 29349 |
| 12 | ഈടാക്കിയത് | 13500 |
| 13 | കുറവ് | 15849 |
| | കുറിപ്പ് * 16.05.2020 ന് സൈറ്റ് ഏറ്റെടുത്തതായി കരാറുകാരന്റെ കൈപ്പറ്റ് രസീതി ഉണ്ട്. പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ ഇ/-5254/20 തീ.14.08.2020 പ്രകാരം കരാറുകാരന് കത്ത് നൽകിയിട്ടുണ്ട് . തോട്ടിൽ വെള്ളം കൂടുതലായതിനാൽ പ്രവൃത്തി നടത്താൻ 30.04.2021 വരെ കാലാവധി ദീർഘിപ്പിക്കുന്നതിന് തിയതി രേഖപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. | |

| ക്രമ നം (3) | പ്രവൃത്തിയുടെ വിവരം | 290/22 -ബസ് സ്റ്റാന്റിൽ പൊതുജനങ്ങൾക്കും ഓട്ടോ തൊഴിലാളികൾക്കും കാത്തിരിപ്പ കേന്ദ്രം |
|---|---|---|
| 1 | അടങ്കൽ - | 300000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 2 | PAC- | 262496 |
| 3 | കരാറുകാരൻ - | രാധാകൃഷ്ണൻ |
| 4 | സാങ്കേതികാനുമതി | LSGD/TS/2020-21/52383 /21.05.2020 (3 മാസം) |
| 4 | എഗ്രിമെന്റ് നം.: | 14/AE/LSGD/OTP/ 20-21തീ.20.10.2020 |
| 5 | പാർട്ട് ബിൽ | 0 |
| 6 | ബിൽ / വൗച്ചർ നം.നം. | 310/30-03-2022 - 298182 രൂപ |
| 7 | എം.ബുക്ക് നം. | 19/2021 |
| 8 | പൂർത്തീകരിക്കേണ്ട തീയ്യതി: | 19.01.2021 |
| 9 | പൂർത്തീകരിച്ച തീയ്യതി | 25.03.2022 (അവസാന ചെക്ക് മെഷർ) |
| 10 | ഈടാക്കേണ്ടത് (3%) | 7875 |
| 11 | ഈടാക്കിയത് | 0 |
| 12 | കുറവ് | 7875 |
| | കുറിപ്പ് * 20.10.2020 ന് സൈറ്റ് ഏറ്റെടുത്തതായി കരാറുകാരന്റെ കൈപ്പറ്റ് രസീതി ഉണ്ട്. പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ ഇ 1-7916/20 തീ.05.10.2021 ന് കരാറുകാരന് കത്ത് നൽകിയിട്ടുണ്ട്. കോവിഡ് കാരണം സാധനങ്ങൾ കിട്ടാത്തതുകൊണ്ടാണ് പൂർത്തീകരിക്കാൻ വൈകിയതെന്ന് കരാറുകാരൻ മറുപടി നൽകിയിട്ടുണ്ട്. കാലാവധി ദീർഘിപ്പിക്കുന്നതിന് അനുമതി | |

| | |
|---|---|
| | നൽകിയതായോ, പിഴ ഈടാക്കി കാലാവധി ദീർഘിപ്പിച്ച നൽകുകയോ ചെയ്യിട്ടില്ല. |

| ക്രമ നം (4) | പ്രവൃത്തിയുടെ വിവരം | 198/22 മുണ്ടഞ്ഞാറ റോഡ് ബൈലൈൻ കോൺക്രീറ്റിംഗ് (സ്പിൽ ഓവർ) |
|---|---|---|
| 1 | അടങ്കൽ - | 560000 മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| 2 | PAC- | 498857 |
| 3 | കരാറുകാരൻ - | ശ്രീകണ്ഠൻ കെ |
| 4 | സാങ്കേതികാനുമതി | LSGD/TS/2020-21/75984 /05.09.2020/ (6 മാസം) |
| 4 | എഗ്രിമെന്റ് നം.: | 23/AE/LSGD/OTP/ 20-21തീ.23.10.2020 |
| 5 | പാർട്ട് ബിൽ | 441/30.03.21- 310018 രൂപ |
| 6 | ബിൽ / വൗച്ചർ നം.നം. | 310/ 30-03-2022 - 298182 രൂപ |
| 7 | എം.ബുക്ക് നം. | 03/2021 |
| 8 | പൂർത്തീകരിക്കേണ്ട തീയ്യതി: | 22.04.2021 |
| 9 | പൂർത്തീകരിച്ച തീയ്യതി | 18.03.2022 (അവസാന ചെക്ക് മെഷർ) |
| 10 | ഈടാക്കേണ്ടത് (3%) | 14966 |
| 11 | ഈടാക്കിയത് | 5600 |
| 12 | കുറവ് | 9366 |
| | കുറിപ്പ് * 23.10.2020 ന് സൈറ്റ് ഏറ്റെടുത്തതായി കരാറുകാരന്റെ കൈപ്പറ്റ് രസീതി ഉണ്ട്. പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ .16.10.2021 ന് കരാറുകാരന് കത്ത് നൽകിയിട്ടുണ്ട്. കരാറുകാരൻ മറുപടി നൽകിയതായി കാണുന്നില്ല കാലാവധി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകിയതായോ, പിഴ ഈടാക്കി കാലാവധി ദീർഘിപ്പിച്ച നൽകുകയോ ചെയ്യിട്ടില്ല. | |

| ക്രമ നം (5) | പ്രവൃത്തിയുടെ വിവരം | 224/22 പൂളക്കുണ്ട് അഴുക്കചാൽ നിർമ്മാണം (സ്പിൽ ഓവർ) |
|---|---|---|
| 1 | അടങ്കൽ - | 100000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 2 | PAC- | 88595 |
| 3 | കരാറുകാരൻ - | ഒ.കെ.ബഷീർ |
| 4 | സാങ്കേതികാനുമതി | LSGD/TS/2020-21/127369 /02.11.2020/ (4 മാസം) |
| 4 | എഗ്രിമെന്റ് നം.: | 77/AE/LSGD/OTP/ 20-21തീ.20.02.2021 |
| 5 | പാർട്ട് ബിൽ | 0 |
| 6 | ബിൽ / വൗച്ചർ നം.നം. | 90/ 30-03-2022 - 77110 രൂപ |
| 7 | എം.ബുക്ക് നം. | 71/2021 |
| 8 | പൂർത്തീകരിക്കേണ്ട തീയ്യതി: | 19.06.2021 |
| 9 | പൂർത്തീകരിച്ച തീയ്യതി | 18.03.2022 (അവസാന ചെക്ക് മെഷർ) |
| 10 | ഈടാക്കേണ്ടത് (3%) | 2658 |
| 11 | ഈടാക്കിയത് | 0 |
| 12 | കുറവ് | 2658 |
| | കുറിപ്പ് * 20.02.2021 ന് സൈറ്റ് ഏറ്റെടുത്തതായി കരാറുകാരന്റെ കൈപ്പറ്റ് രസീതി ഉണ്ട്. പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ .16.10.2021 ന് കരാറുകാരന് കത്ത് നൽകിയിട്ടുണ്ട്. കരാറുകാരൻ മറുപടി | |

| | |
|---|---|
| | നൽകിയതായി കാണുന്നില്ല കാലാവധി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകിയതായോ, പിഴ ഈടാക്കി കാലാവധി ദീർഘിപ്പിച്ചു നൽകുകയോ ചെയ്തിട്ടില്ല. |

| ക്രമ നം (6) | പ്രവൃത്തിയുടെ വിവരം | 184/22 പൂളക്കപറമ്പ് മയിലുംപുറം റോഡ് റീ ടാറിംഗ് (സ്പിൽ ഓവർ) |
|---|---|---|
| 1 | അടങ്കൽ - | 550000 മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| 2 | PAC- | 490747 |
| 3 | കരാറുകാരൻ - | ഹരിനാരായണൻ.കെ |
| 4 | സാങ്കേതികാനുമതി | LSGD/TS/2020-21/84005 /21.08.2020(6 മാസം) |
| 5 | എഗ്രിമെന്റ് നം.: | 59/AE/LSGD /OTP/19-20തീ.25.01.2021 |
| 6 | പാർട്ട് ബിൽ | 0 |
| 7 | ബിൽ / വൗച്ചർ നം.നം. | 65/ 24-03-2022 - 549637 രൂപ |
| 8 | എം.ബുക്ക് നം. | 04/2021 |
| 9 | പൂർത്തീകരിക്കേണ്ട തീയ്യതി: | 24.07.2021 |
| 10 | പൂർത്തീകരിച്ച തീയ്യതി | 15.03.2022 (അവസാന ചെക്ക് മെഷർ) |
| 11 | ഈടാക്കേണ്ടത് (3%) | 14722 |
| 12 | ഈടാക്കിയത് | 550088595 |
| 13 | കുറവ് | 9222 |
| | കുറിപ്പ് * 25.01.2021 ന് സൈറ്റ് ഏറ്റെടുത്തതായി കരാറുകാരന്റെ കൈപ്പറ്റ് രസീതി ഉണ്ട്. പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ ഇ 1-2785/20 തീ 05.10.2021 പ്രകാരം കരാറുകാരന് കത്ത് നൽകിയിട്ടുണ്ട്. ടാർ ലഭ്യമല്ലാത്തതിനാലാണ് വൈകിയതെന്ന് ടിയാൻ മറുപടി നൽകിയിട്ടുണ്ട്. കാലാവധി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകിയതായോ, കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. | |

| ക്രമ നം | പ്രവൃത്തിയുടെ വിവരം | 96/22 നഗരസഭാ കെട്ടിട നിർമ്മാണം (സ്പിൽ ഓവർ) |
|---|---|---|
| 1 | അടങ്കൽ - | 12300000 വികസന ഫണ്ട് |
| 2 | PAC- | 11614495 |
| 3 | കരാറുകാരൻ - | പി.ചന്ദ്രൻ |
| 4 | സാങ്കേതികാനുമതി | 34//SE/LSGD/NC/KKD/dt 09.01.2015 (6 മാസം) |
| 5 | എഗ്രിമെന്റ് നം.: | 145/2014-15/MEതീ.20.02.2015 |
| 6 | പാർട്ട് ബിൽ | 9465697 |
| 7 | ബിൽ / വൗച്ചർ നം.നം. | 1) 01/22 തീ.18.08.2021 - 1621903 രൂപ<br>2) 15/22. തീ.29.10.21- 1030400 രൂപ |
| 8 | എം.ബുക്ക് നം. | 145/2014, 03/2015, 100/2015, |

| | | |
|---|---|---|
| | | 40/2016, 86/2017,201/2017, 33/2020 |
| 9 | പൂർത്തീകരിക്കേണ്ട തീയ്യതി: | 30.10.2017 |
| 10 | പൂർത്തീകരിച്ച തീയ്യതി | 25.07.2017 (അവസാന ചെക്ക് മെഷർ) |
| 11 | ഈടാക്കേണ്ടത് (3%) | 348435 (100000 രൂപയിൽ പരിമിതപ്പെടുത്തുന്നു) |
| 12 | ഈടാക്കിയത് | 0 |
| 13 | കുറവ് | 100000 |
| 14 | 20.02.2015 ന് സൈറ്റ് ഏറ്റെടുത്തതായി കരാറുകാരന്റെ കൈപ്പറ്റ് രസീതി ഉണ്ട്. പ്രവൃത്തിയുടെ നിർമ്മാണ വേളയിൽ സമീപത്തുള്ള മരം തടസമായി നിന്നതിനാൽ 14.12.2015 ലെ 27 നം.തീരുമാന പ്രകാരം 30.03.2016 വരെ പിഴ കൂടാതെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ ഘട്ടത്തിൽ ചില പ്രവൃത്തികൾ ഒഴിവാക്കേണ്ടതായും, 6 പ്രവൃത്തികൾ കൂട്ടി ചേർക്കേണ്ടതായും, പല ഇനങ്ങളുടെയും അളവ് വർദ്ധിച്ചതിനാലും 29.07.2017 ലെ 9 ാം നം.തീരുമാന പ്രകാരം ഭരണാനുമതി ലഭിച്ച തുകയ്ക്കുള്ളിൽ നിന്നുകൊണ്ട് എസ്റ്റിമേറ്റ് പുതുക്കുന്നതിനും പൂർത്തീകരണ കാലാവധി നിയമാനുസൃത പിഴ ഈടാക്കി 30.10.2017 വരെ ദീർഘിപ്പിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. | |

പിഴ ഈടാക്കാതെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയതുമൂലം തനതു ഫണ്ടിന് 182471 രൂപ നഷ്ടം സംഭവിച്ചു. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.31/19.12.2022) ചില പ്രവൃത്തികളിൽ ആദ്യത്തെ ദീർഘിപ്പിക്കലിന് ശേഷം ദിവസം അടിസ്ഥാനത്തിൽ പിഴ കണക്കാക്കുന്നതിൽ വന്ന വീഴ്ചയാണെന്നും പിഴ കരാറുകാരിൽ ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-36 നഗരസഭാ കെട്ടിട നിർമ്മാണം- ടസ്സ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2014-15 സാമ്പത്തിക വർഷത്തിൽ 12300000 രൂപ (2012 SOR) വകയിരുത്തി ആരംഭിച്ച പ്രോജക്ട് ആണ് നഗരസഭാ കെട്ടിട നിർമ്മാണം. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി | 96/22 – നഗരസഭാ കെട്ടിട നിർമ്മാണം (സ്പിൽ ഓവർ) |
| അടങ്കൽ - | 12300000 രൂപ- വികസന ഫണ്ട് |
| PAC- | 11614495 രൂപ |
| കരാറുകാരൻ - | പി.ചന്ദ്രൻ |
| സാങ്കേതികാനുമതി | 34//SE/LSGD/NC/KKD/dt 09.01.2015 (6 മാസം) |
| എഗ്രിമെന്റ് നം.: | 145/2014-15/MEതീ.20.02.2015 |
| പാർട്ട് ബിൽ | 9465697 രൂപ |
| ബിൽ / വൗച്ചർ നം.നം. | 1) 01/22 തീ.18.08.2021 - 1621903 രൂപ<br>2) 15/22. തീ.29.10.21- 1030400 രൂപ |
| എം.ബുക്ക് നം. | 145/2014, 03/2015, 100/2015, 40/2016, 86/2017,201/2017, 33/2020 |

കെട്ടിട നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് 20.12.2022 ന് എൽ.എസ്.ജി.ഡി ഓവർസീയർ, ക്ലർക്ക് എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ഓവർ സ്റ്റെയർ റൂമിന്റെ മുകളിൽ ഷീറ്റ് മേയൽ പ്രവൃത്തിയിൽ 0.30 Mm GI പ്രൊഫൈൽ ഷീറ്റ് ഉപയോഗിച്ചാണ് പ്രവൃത്തികൾ നടത്തിയത് എന്ന് ബോധ്യമായി. അളവ് പുസ്തകം 201/2017 ൽ പേജ് 7 ൽ ക്രമ നം.42-ാമത്തെ ഇനം ആയി 133.18 $M^2$ അളവിൽ 0.50 Mm ഷീറ്റ് പ്രവൃത്തി നിർവ്വഹിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. 0.30 Mm GI പ്രൊഫൈൽ ഷീറ്റിന് അനുവദിക്കാവുന്ന നിരക്ക് 372.50 രൂപ/$m^2$ ആണ്. 17992 രൂപ ഈയിനത്തിൽ അധികം നൽകിയിട്ടുണ്ട്, അധിക നിരക്ക് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഷീറ്റ് മേയൽ പ്രവൃത്തിക്ക് കരാറുകാരന് അധികം തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.38/20.12.2022) തുക കരാറുകാരനിൽനിന്നും ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുക നഗരസഭാ ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതുവരെ 17992 രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.
വിശദവിവരം ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-37 മരാമത്ത് പ്രവൃത്തികൾ -എഗ്രിമെന്റ് ചമയ്ക്കുന്നതിൽ കാലതാമസം -ഫൈൻഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മുൻസിപ്പൽ എഞ്ചിനിയർ 2021-22 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കാതെ ബിൽ അനുവദിച്ചതായി കണ്ടെത്തി. ഈയിനത്തിൽ നഗരസഭാ ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടം കോൺട്രാറിൽ നിന്ന് ഈടാക്കി അടവാക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | 151/22 തോടുകളുടെ നവീകരണം |
|---|---|---|
| 1 | അടങ്കൽ - | 1100000 -വികസന ഫണ്ട് |
| 2 | APAC- | 976342 |
| 3 | കരാറുകാരൻ | എ.പി.സുബൈർ |
| 4 | എഗ്രിമെന്റ് നം.: | 01/AE/LSGD/OTP/ 2020-21- തീ 16.05.2020 |
| 5 | ബിൽ നം. | 27/22 തീ.10.11.2021 തുക :139526 |
| 6 | എം.ബുക്ക് നം. | 02/21, 21/2021 |
| 7 | ടെണ്ടർ അംഗീകരിച്ച തിയതി | 27.03.2020 ലെ 31(2 )നം തീരുമാനം |
| 8 | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | 20.04.2020 |
| 9 | എഗ്രിമെന്റ് വെച്ച തിയതി | 16.05.20 |

| | | |
|---|---|---|
| 10 | ഈടാക്കേണ്ടയിരുന്ന പിഴ (1%) | 9763 |

പിഴ ഈടാക്കാതെ തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.40/21.12.2022) തുക കരാറുകാരനിൽനിന്നും ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുക നഗരസഭാ ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അരിയിക്കുന്നതുവരെ 9763 രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

## 1-38 ടെണ്ടർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല

2021-22 വർഷത്തിൽ മുൻസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 ലെ സ്പിൽ ഓവർ ഉൾപ്പെടെ 179 പ്രോജക്ടുകളിലായി 102265517 രൂപയുടെ പ്രവൃത്തികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. 121 പ്രൊജക്ടുകളിലായി 57285522 രൂപ ചെലവഴിച്ചിട്ടുണ്ട്. 44979995 രൂപ ചെലവഴിക്കാത്തതിനാൽ നഷ്ടപ്പെട്ടു. 58 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.
2021-22 വർഷത്തിൽ മുൻസിപ്പൽ എഞ്ചിനീയർ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ താഴെ പറയുന്ന പ്രകാരം സ്വീകരിച്ചിരുന്നു.

| ക്രമ നം. | ഫയൽ നം. | പദ്ധതികളുടെ എണ്ണം |
|---|---|---|
| 1 | 01/AE/LSGD/OTP/21-22 Dt 07.06.21 | 1 |
| 2 | 02/AE/LSGD/OTP/21-22 Dt 16.09.21 | 2 |
| 3 | 03/AE/LSGD/OTP/21-22 Dt 18.09..21 | 18 |
| 4 | 04/AE/LSGD/OTP/21-22 Dt 13.10.21 | 20 |
| 5 | 05/AE/LSGD/OTP/21-22 Dt 22.10.21 | 26 |
| 6 | 06/AE/LSGD/OTP/21-22 Dt 21.10.21 | 14 |
| 7 | 07/AE/LSGD/OTP/21-22 Dt 05.11.21 | 6 |
| 8 | 08/AE/LSGD/OTP/21-22 Dt 05.11.21 | 7 |
| 9 | 10/AE/LSGD/OTP/21-22 Dt 30.11.21 | 2 |

ടെണ്ടർ ക്ഷണിച്ചതിൽ ലഭിച്ച ടെണ്ടറുകളുടെ ടാബുലേഷൻ ഷീറ്റ് ഉൾപ്പെടെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൌൺസിൽ മുൻപാകെ യഥാസമയങ്ങളിൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും. 12.07.21, 16.07.2021, 30.07.21, 02.08.21, 06.08.21, 10.08.21, 26.08.21, 17.09.21, 28.09.21, 16.10.21, 10.11.21. 19.11.21 07.12.21 എന്നീ ദിവസങ്ങളിൽ കൌൺസിൽ യോഗങ്ങൾ ചേർന്നിരുന്നുവെങ്കിലും പ്രസ്തുത യോഗങ്ങളിൽ ടെണ്ടറുകൾ അംഗീകരിക്കൽ അജണ്ടയായി ഉൾപ്പെടുത്തിയിരുന്നവെങ്കിലും പലതവണ നീട്ടിവെക്കുകയാണ് ഉണ്ടായത്. പിന്നീട് 17.12.2021 ലെ 28,29,30,31,32,33 നം. തീരുമാനങ്ങൾ പ്രകാരം മാത്രമാണ് അംഗീകാരം നൽകിയിട്ടുള്ളത്. സമയബന്ധിതമായി ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിക്കാത്തതിനാൽ, പ്രോജക്ടുകളുടെ തുടർനടപടികൾ നീളുന്നതിന് കാരണമായിട്ടുണ്ട്.

യഥാസമയം ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിക്കാത്തതിനാൽ മരാമത്ത് പ്രവൃത്തികളുടെ നിർമ്മാണ കലണ്ടറിൽ അനുശാസിക്കുന്ന വിധത്തിലുള്ള സമയപരിധി പാലിക്കാൻ കഴിഞ്ഞിട്ടില്ല. തന്മൂലം പ്രോജക്ടുകൾ 2022-23 വർഷത്തിലേക്ക് സ്പിൽ ഓവർ ആകുന്നതിനും കാരണമായിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.33/19.12.2022) 21.12.2022 ലെ എക്സിറ്റ് മീറ്റിംഗിൽ, ക്വാറം തികയാത്തതുമൂലം നീട്ടിവയ്ക്കേണ്ടിവന്നതും സാങ്കേതിക പ്രശ്നങ്ങൾ മൂലവുമാണ് ടെണ്ടറുകൾ അംഗീകരിക്കാൻ വൈകിയതെന്നും ഭാവിയിൽ ഇത്തരം അപാകതകൾ

ആവർത്തിക്കില്ലെന്നും ഡെപ്യൂട്ടി ചെയർപേഴ്സൺ മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* പൊതു മരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പാലിച്ച് ടെണ്ടർ നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തികരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-39 അങ്കണവാടി കെട്ടിട നിർമ്മാണം - എഗ്രിമെന്റ് ചമച്ചതിന് മതിയായ നിരക്കിലുള്ള സ്റ്റാമ്പ് പേപ്പർ ഇല്ല

കേരള ഫിനാൻസ് ആക്ട്, 2018 പ്രകാരം 1-4-2018 മുതൽ മരാമത്ത് പ്രവൃത്തികൾക്കുള്ള എഗ്രിമെന്റുകൾക്ക് പ്രത്യേക സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഏർപ്പെടുത്തുകയും 1959 ലെ കേരള സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾക്കുള്ള എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഓരോ 1000/- രൂപയ്ക്കും 1/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. കുറഞ്ഞത് 200/-രൂപയും പരമാവധി ഒരു ലക്ഷം രൂപയുമായി സ്റ്റാമ്പ് ഡ്യൂട്ടി നിജപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ താഴെപറയുന്ന അംഗനവാടികളുടെ നിർമ്മാണ പ്രവൃത്തിയ്ക്ക് നിർവ്വഹണ ഏജൻസിയുമായി ആകെ 200/ രൂപയുടെ മുദ്രപത്രത്തിലാണ് എഗ്രിമെന്റ് ചമച്ചിട്ടുള്ളത്. എഗ്രിമെന്റിന് നിശ്ചിത മൂല്യമില്ലാത്തതിനാൽ കരാറിന് നിയമപരമായ സാധുതയില്ല എന്ന് വിലയിരുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് | 154/22 91 -ാം നമ്പർ അങ്കണവാടി നിർമ്മാണം (സ്പിൽ ഓവർ | 148/22 74 -ാം നമ്പർ അങ്കണവാടി നിർമ്മാണം (സ്പിൽ ഓവർ) |
| അങ്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 500000 രൂപ<br>മെയിന്റനൻസ് ഗ്രാന്റ് -700000 രൂപ<br>ആകെ -1200000 രൂപ | മെയിന്റനൻസ് ഗ്രാന്റ്- 1389737 രൂപ |
| നിർവ്വഹണം | മുൻസിപ്പൽ എഞ്ചിനീയർ | |
| നിർവ്വഹണ ഏജൻസി: | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം | |
| സാങ്കേതിക അനുമതി | 2019/12707 (6 മാസം) | 2018/8115 (12 മാസം) |
| ബിൽ നം | 17/22- തീ.29.10.2021 -450000 രൂപ | 15/22 - 29.10.21- 643976<br>62/22-24.03.22-156024<br>ആകെ 800000 |
| പാർട്ട് ബിൽ | 199/19.12.2019- 250000 (മുൻകൂർ) | 254/29.01.20-200000 രൂപ |
| എം ബുക്ക് | 27/2020 | 28/2020 |
| എഗ്രിമെന്റ് നം. | 127/AE/LSGD/OTP /2019-20 Dt 06.12.2019 | 152/AE/LSGD/OTP/2019-20 Dt 23.12.2019 |

സ്റ്റാമ്പ് പേപ്പർ മൂല്യത്തിൽ താഴെ പറയുന്ന പ്രകാരം 2190 രൂപയുടെ കുറവുണ്ടായിട്ടുണ്ട്

| കെട്ടിടം | എഗ്രിമെന്റ് ചമയ്ക്കേണ്ടിയിരുന്നത് | എഗ്രിമെന്റ് ചമച്ചത് | കുറവ് |
|---|---|---|---|
| 91- നം. അങ്കണവാടി | 1200 | 200 | 1000 |
| 74 നം. അങ്കണവാടി | 1390 | 200 | 1190 |

ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/16.12.2022) സ്റ്റാമ്പ് പേപ്പർ മൂല്യത്തിൽ കുറവ് വന്ന തുക നിർമ്മിതി കേന്ദ്രത്തിൽ നിന്നും ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* സ്റ്റാമ്പ് പേപ്പർ മൂല്യത്തിൽ കുറവ് വന്ന 2190 രൂപ സർക്കാറിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

* കരാർ ചമയ്ക്കുന്നതിനു മതിയായ മൂല്യം ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-40 2018-19 വർഷത്തിൽ വാങ്ങിയ ടാർ ബാരലുകൾ നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നു

2018-19 സാമ്പത്തിക വർഷത്തെ പ്രവർത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ടാർ ഡിപ്പാർട്ട്മെന്റലായി വാങ്ങിയിരുന്നു. ആയത് 2019-20 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പ്രോജക്റ്റുകൾക്കായി 03-03-2020 വരെ വിതരണം ചെയ്തിട്ടുണ്ട്. മൂന്ന് ഇനങ്ങളിലായി വാങ്ങിയ ടാറിന്റെ നീക്കിയിരുപ്പിന്റെ വിവരം ചുവടെ കൊടുക്കുന്നു.

നീക്കിയിരിപ്പുള്ള ടാറിന്റെ മതിപ്പ് വില (2018-19 സാമ്പത്തിക വർഷത്തെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം)

| ഇനം | കിലോഗ്രാം | നിരക്ക് | തുക |
|---|---|---|---|
| RS1 | 566.95 | 38.17 | 21640.48 |
| SS1 | 532.54 | 66.78 | 35563.02 |
| VG30 | 5631.03 | 40.85 | 230027.58 |
| ആകെ മതിപ്പ് വില | | | 287231.08 |

2021-22 വർഷത്തിൽ സ്പിൽ ഓവർ, പുതിയ പ്രോജക്ടുകളിലായി 32 റോഡ് ടാറിംഗ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും നഗരസഭയുടെ സ്റ്റോക്കിൽ ഉള്ള ടാർ കരാറുകാർക്ക് നൽകിയതായി കാണുന്നില്ല. ബിറ്റുമിൻ പിന്നീട് ഇതുവരെയും ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഇതേ നീക്കിയിരുപ്പ് 2021-22 വർഷത്തിലും തുടരുന്നു. മേൽ പറഞ്ഞ പ്രകാരമുള്ള തുകയ്ക്കുള്ള ബിറ്റുമിൻ സ്ഥാപനത്തിലുള്ളത് ഇതുവരെ ക്രമീകരിക്കപ്പെട്ടിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/16.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

*ടാർ ബാരലുകൾ പരിശോധന നടത്തി ഉപയോഗപ്രദമാണെങ്കിൽ ആയത് റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗിക്കേണ്ടതാണ്. ഉപയോഗപ്രദമല്ലെങ്കിൽ ഈയിനത്തിൽ നഗരസഭയ്ക്കുണ്ടാകുന്ന നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കേണ്ടതാണ്.

1-41 കരാറുകാരനിൽനിന്ന് ആദായ നികുതി കുറവായി ഈടാക്കി

സംസ്ഥാന സർക്കാറിന്റെ പന്ത്രണ്ടിന പദ്ധതിയുടെ ഭാഗമായി നഗരസഭാ പരിധിയിൽ കോടതി പരിസരം, വില്ലേജ് ഓഫീസ് പരിസരം എന്നിവിടങ്ങളിൽ പ്രീമിയം ടോയ്‌ലറ്റുകളും, നഗരസഭാ ഓഫീസിലും ബസ് സ്റ്റാന്റിലുമായി 3 ടോയ്‌ലറ്റുകളും ഉൾപ്പെടെ 5 കംഫർട്ട് സ്റ്റേഷൻ കോംപ്ലക്സുകളിൽ പൊതുജനങ്ങൾക്ക് യാത്രാവേളയിൽ താല്ക്കാലികമായി വിശ്രമിക്കുന്നതിന് ഉപയോഗിക്കുന്നതിനാവശ്യമായ ഒരിടം ഒരുക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച പ്രോജക്ട് ആണ് ടേയ്ക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 265/22 - ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം |
| അടങ്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 1750000 രൂപ<br>സംസ്ഥാന ഗ്രാന്റ് 1750000 രൂപ<br>ആകെ 3500000 രൂപ |
| നിർവ്വഹണം | മുൻസിപ്പൽ എഞ്ചിനീയർ |
| നിർവ്വഹണ ഏജൻസി: | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം |
| സാങ്കേതിക അനുമതി | 30/2020-21 തീ.06.01.2021 (6 മാസം) |

| | |
|---|---|
| എം ബുക്ക് | 10/2021, 11/2021 |
| ബിൽ | 48/22 -തീ.22.01.2022- 124361 രൂപ (സെന്റേജ് ചാർജ്ജ്)<br>51/22 തീ. 16.02.2022- 606732 രൂപ (പാർട്ട് ബിൽ) |
| എഗ്രിമെന്റ് നം. | 58/AE/LSGD/OTP/2020-21 Dt 09.11.2020 |

നഗരസഭയുടെ 20.10.2020ലെ ഇ 1-16511/10 നം. കത്ത് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർമ്മിതി കേന്ദ്രത്തിനോട് ആവശ്യപ്പെടുകയും 05.11.2020ലെ ഇ 1-16511/20 നം. കത്ത് പ്രകാരം നിർമ്മിതി കേന്ദ്രത്തിന്റെ 3500000 രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും അക്രഡിറ്റഡ് ഏജൻസിവഴി നടപ്പിലാക്കുന്നതിനും കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു. പ്രവൃത്തി നിർവ്വഹണത്തിനായി ക്ലാസിക് ബിൽഡേഴ്സ് പുത്തൂർ, പാലക്കാട് എന്ന സ്ഥാപനത്തെയാണ് നിർമ്മിതി കേന്ദ്രം തെരഞ്ഞെടുത്തിരിക്കുന്നത്.

ആദായ നികുതി നിയമം സെക്ഷൻ 194 C, സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ, ഖണ്ഡിക V.iii എന്നിവ പ്രകാരം കമ്പനി/ഫേം, ഗുണഭോക്തൃ സമിതി എന്നിവരിൽനിന്ന് 2% ആദായ നികുതി ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പാർട്ട് ബിൽ നൽകിയതിൽ കരാറുകാരിൽനിന്നും 1% മാത്രമാണ് നികുതി ഈടാക്കിയിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 17/16.12.2022 നുള്ള മറുപടിയിൽ ഫൈനൽ ബിൽ നൽകുന്ന വേളയിൽ ആയത് ക്രമീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* ഫൈനൽ ബിൽ തുക നൽകുന്നതിനുമുൻപ് നിയമാനുസൃത നികുതികൾ കുറവു ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

* ആദായ നികുതികൾ കുറവ് ചെയ്ത് തുക ബന്ധപ്പെട്ട വകുപ്പുകളിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-42 വീവേഴ്സ് കോളനി-ദക്ഷിണാമൂർത്തി റോഡ് റീ ടാറിംഗ് - പ്രോജക്ട് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

വീവേഴ്സ് കോളനി-ദക്ഷിണാമൂർത്തി റോഡ് റീ ടാറിംഗിനായി തയ്യാറാക്കിയ പ്രോജക്ടിൽ ദക്ഷിണാമൂർത്തി റോഡ്, വീവേഴ്സ് കോളനി റോഡ്, പുതിയകുളം റോഡ് എന്നിവയുടെ ടാറിംഗും, വീവേഴ്സ് കോളനി റോഡിൽ 150 മീറ്റർ ഷോൾഡർ കോൺക്രീറ്റും 15*12 മീറ്റർ റീടെയ്നിംഗ് വാളും നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 63/22 വീവേഴ്സ് കോളനി-ദക്ഷിണാമൂർത്തി റോഡ് റീ ടാറിംഗ് |
| അടങ്കൽ | 1250000 – മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| എം.ബുക്ക് | 05/2021, 87/2021 |
| സാങ്കേതിക അനുമതി | LSGD/TS/2021-22/48302dt.06.10.2021-(6മാസം) |
| കരാറുകാരൻ | ബാബു.കെ |
| കരാർ നം. | 38/AE/LSGD/OTP/21-22 തീ.22.12.2021 |
| ബിൽ നം. | 68/22 തീ.24.03.22-678853 രൂപ |

പ്രവൃത്തിയുടെ പൂർത്തീകരണ ഘട്ടത്തിൽ ചില പ്രവൃത്തികൾ ഒഴിവാക്കേണ്ടതായും, ചില പ്രവൃത്തികൾ കൂട്ടി ചേർക്കേണ്ടതായും വന്നതിനാലും സംരക്ഷണഭിത്തി നിർമ്മാണത്തിൽ സ്ഥല സംബന്ധമായ തർക്കം വന്നതിനാലും ടി തുക ഉപയോഗിച്ച് ഇതേ വാർഡിലെ എ.ജെ.ബി സ്കൂൾ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് 08.03.2022 ലെ 10-ാം നം. തീരുമാന പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അടങ്കൽ

തുകയ്ക്കുള്ളിൽ നിന്നുകൊണ്ട് എസ്റ്റിമേറ്റ് പുതുക്കുന്നതിന് അനുമതി നൽകുകയും, 1245335.43 രൂപയുടെ പുതുക്കിയ സാങ്കേതിക അനുമതി ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് അസി.എക്സി.എഞ്ചിനീയർ 08.03.2022 ൽ നിന്നും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

സ.ഉ(കൈ)നം.17/2018/ത.സ്വ.ഭ.വ തീയതി 02.02.2018 പ്രകാരമുള്ള പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 3.8.2(8)vi പ്രകാരം ഒരു നിർമ്മാണ പ്രവൃത്തിയിൽ എന്തെങ്കിലും മാറ്റം വരുകയാണെങ്കിൽ കാലതാമസം കൂടാതെ സാങ്കേതിക അനുമതി തേടേണ്ടതാണെന്നും, പ്രവൃത്തി പൂർത്തിയായതിന് ശേഷമോ, നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനുശേഷമോ ((Advanced Stage Of Compleation) സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.
നിർമ്മാണ പ്രവൃത്തികളിൽ മാറ്റം വരുത്തി പുതിയ റോഡ് പ്രവൃത്തി ചെയ്തതിന് പ്രോജക്ട് ഭേദഗതി വരുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. പുതുക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചിട്ടുമില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/19.12.2022) സംരക്ഷണഭിത്തി നിർമ്മാണത്തിൽ സ്ഥല സംബന്ധമായ തർക്കം വന്നതിനാൽ തുക നഷ്ടപ്പെടാതിരിക്കാനാണ് അപ്രകാരം ചെയ്തതെന്നും നിലവിൽ എല്ലാ പ്രവൃത്തികളും ആസൂത്രണ സമിതി അംഗീകാരത്തോടെ മാത്രമേ നിർവ്വഹിക്കുന്നുള്ളുവെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

· പദ്ധതി നിർവ്വഹണത്തിൽ പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 1-43 ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷത്തിൽ മുൻസിപ്പൽ എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി, കേരള വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ ഷൊർണ്ണൂരിലേക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കൈമാറിയ തുകകളുടെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സ്ഥാപനം | പ്രൊജക്ടിന്റെ പേര് | ബിൽ നം.തിയതി | തുക |
|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 103/22 വിവിധ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 78/22-27.03.22 | 2000000 |

സ.ഉ(കൈ)നം.17/2018/ത.സ്വ.ഭ.വ തീയതി 02.02.2018 പ്രകാരമുള്ള പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 11.2 (ഡി) li പ്രകാരം നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനശേഷം മാത്രമേ മുൻകൂർ തുക നൽകാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ കരാർ ചമച്ചതായി കാണുന്നില്ല. പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/16.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.
ഓഡിറ്റ് നിർദ്ദേശം
* പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകേണ്ടതാണ്.

## 1-44 വായനശാലകൾക്ക് പത്രങ്ങളും ആനുകാലികങ്ങളും- പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

പ്രോജക്ട് നം.21/22- ഗ്രന്ഥശാല സംഘത്തിൽ രജിസ്റ്റർ ചെയ്ത വായനശാലകൾക്ക് പത്രങ്ങളും ആനുകാലികങ്ങളും

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ -രൂ.350000.00 (വികസന ഫണ്ട് - ജനറൽ)

ചെലവ് -രൂ.349793.00

| ക്രമ നം. | ബിൽ നം & തീയതി | തുക |
|---|---|---|
| 1 | 3/10.6.21 | 127102.00 |
| 2 | 14/297.21 | 16062.00 |
| 3 | 18/29.9.21 | 53396.00 |
| 4 | 41/29.1.22 | 85488.00 |
| 5 | 42/15.2.22 | 67745.00 |
| ആകെ | | 349793.00 |

ഈ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1) പ്രോജക്ട് പ്രകാരം ധനസഹായം അനുവദിച്ച സ്ഥാപനങ്ങൾ കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തവയാണെന്ന് തെളിയിക്കുന്ന രേഖകളുടെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2) സ.ഉ(കൈ)നം.17/2018/ത.സ്വ.ഭ.വ തീയതി 2.2.18 - പദ്ധതി മാർഗ്ഗരേഖ- ഖണ്ഡിക 7.6 (10) പ്രകാരം ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ഫർണീച്ചർ, കെട്ടിടം എന്നിവ ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങൾക്കുള്ള പ്രൊജക്ടുകൾ മാത്രമാണ് നഗരസഭകൾക്ക് ഏറ്റെടുക്കുവാൻ കഴിയൂ. പദ്ധതി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനത്തിനാണ് പ്രോജക്ട് വിഭാവനം ചെയ്ത് നടപ്പിലാക്കിരിക്കുന്നത്.

3) 2021-22 ലെ വാർഷിക കണക്ക് പ്രകാരം നഗരസഭാ പരിധിയിലെ കെട്ടിട ഉടമകളിൽ ഗ്രന്ഥശാല വരി ഇനത്തിൽ 1,814,559.00 പിരിച്ചെടുത്തിട്ടുണ്ട്. (RP-29 Other Liabilities- ഹെഡ് -350300100). ഈ തുക തുടർവർഷം കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന് കൈമാറിയിട്ടുണ്ട്. ഭീമമായ തുക നഗരവാസികളിൽ നിന്നും ഈടാക്കി സംസ്ഥാന ലൈബ്രറി കൗൺസിലിന് നൽകുകയും, വികസനപ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ അനുവദിച്ച വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തി പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഗ്രന്ഥശാലകളുടെ പ്രവർത്തനത്തിനായി തുക അനുവദിച്ചത് ക്രമപ്രകാരമല്ല.

4) 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം ഒന്നാം പട്ടിക പ്രകാരം അനിവാര്യ ചുമതലകളിലും, മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിലും (X- വിദ്യാഭ്യാസം - മുനിസിപ്പാലിറ്റി ഗ്രന്ഥശാലകളുടെ നടത്തിപ്പ് മാത്രം) ഉൾപ്പെടാത്ത മേഖലയിലാണ് പ്രോജക്ട് നിർവ്വഹണത്തിന് തുക ചെലവഴിച്ചിട്ടുള്ളത്.

5) ധനസഹായത്തിന് ഗ്രന്ഥശാലകളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ ഓഡിറ്റ് അന്വേഷണം നം.6/14.12.22 പ്രകാരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയവ ലഭ്യമാക്കിയിട്ടില്ല.

സ.ഉ(കൈ)നം.17/2018/ത.സ്വ.ഭ.വ തീയതി 2.2.18 - പദ്ധതിമാർഗ്ഗ രേഖ- ഖണ്ഡിക 7.6 (10) ലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായും, ധനസഹായം അനുവദിച്ച സ്ഥാപനങ്ങൾ കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തവയാണെന്ന് തെളിയിക്കുന്ന രേഖകളുടെ അഭാവത്തിലും 349793 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-45 ഹരിതകർമ്മ സേന -അവലോകനം

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് രൂപീകരിച്ച നൂതന സംരംഭമാണ് ഹരിത കർമ്മസേന. മാലിന്യത്തെ വരുമാനമാക്കി മാറ്റുക എന്നതാണ് ഹരിത കർമ്മസേനയുടെ ലക്ഷ്യം. ദാരിദ്ര്യ നിർമ്മാർജ്ജനവും, സ്ത്രീ ശാക്തീകരണവും മുഖ്യ വിഷയമായി ഏറ്റെടുത്തു പ്രവർത്തിക്കുന്ന കുടുംബശ്രീ മിഷൻ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, ഉറവിടമാലിന്യ സംസ്കരണ ഉപാധികൾ നിർമ്മിക്കുന്നതിന് സഹായകമാവുന്ന തൊഴിലുറപ്പ് മിഷൻ, എന്നിവയുടെ സംയോജിത സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ്

നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേന യുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. ഇതു കൂടാതെ സ.ഉ(സാധാ)നം. 1496/2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേന പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

ഒറ്റപ്പാലം നഗരസഭയിലെ ഹരിത കർമ്മസേന പ്രവർത്തനം 08/2018 ന് 41 അംഗങ്ങളുമായാണ് ആരംഭിച്ചത്. നഗരസഭയിൽ 36 വാർഡിലേക്കും ഉള്ള അംഗങ്ങളെ ഉൾപ്പെടുത്തിയാണ് ഹരിത കർമ്മസേന രൂപീകരിച്ചത്. നിലവിലാവട്ടെ 39 അംഗങ്ങൾ മാത്രമാണ് ഉള്ളത്. ഒരു പ്രസിഡണ്ട്, സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 60/- രൂപയും, കടകൾക്ക് 150/- രൂപയും ആണ് ഫീസ് ഈടാക്കി വരുന്നത്. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീത് ബുക്കുകൾ ഉപയോഗിക്കുന്നു. തരംതിരിച്ച ആജൈവ മാലിന്യങ്ങൾ ഷ്രഡ് ചെയ്ത് റോഡ് ടാറിംഗ് പ്രവർത്തിക്ക് കൊടുക്കുന്നുണ്ട്.

2021-22 വർഷത്തിൽ ഹരിത കർമ്മസേനക്ക് VGF ഇനത്തിൽ 300000/- രൂപ പ്രോജക്ട് ( 244/22 വയബിലിറ്റി ഗ്യാപ് ഫണ്ട്) പ്രകാരം നൽകിയിട്ടുണ്ട്. ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് ഹരിത കർമ്മസേനയുടെ പ്രവർത്തനം പരിശോധിച്ചതിൽ തരംതിരിച്ച ആജൈവ മാലിന്യങ്ങൾ ഷ്രഡ് ചെയ്തത് വില്പന നടത്തുന്നുണ്ടെങ്കിലും തുച്ഛമായ വരുമാനം മാത്രമാണ് ലഭിക്കുന്നതെന്ന് ബോധ്യപ്പെട്ടു. 1) തദ്ദേശ സ്ഥാപന പരിധിയിൽ ഹരിത സംരംഭങ്ങൾ രൂപീകരിക്കുന്ന ഒരു സംഘടനയാണ് ഹരിത കൺസോർഷ്യം.ഓരോ വാർഡുകളിലേയും വീടുകളുടേയും എണ്ണം അനുസരിച്ച് പരമാവധി 2 പേരെ നിയോഗിക്കേണ്ടതും ഇത്തരത്തിൽ 3 മുതൽ 5 വരെ വാർഡുകളിൽ നിന്നുള്ളവരെ ഉൾപ്പെടുത്തി മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതുമാണ്. നഗരസഭയിൽ ആയത് രൂപീകരിച്ചിട്ടില്ല.

2) 12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ പ്രകാരം അജൈവ പാഴ് വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ എം.സി.എഫുകൾ ഏർപ്പെടുത്തേണ്ടതുണ്ട്. നഗരസഭയിൽ 12 എം.സി.എഫുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ പനമണ്ണയിൽ ഒരു ട്രഞ്ചിംഗ് യൂണിറ്റ് കൂടി പ്രവർത്തിക്കുന്നുണ്ട്.

3) മാലിന്യ ശേഖരണത്തിനുള്ള പ്രധാന വരുമാനം ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന യൂസർഫീയാണ്. യൂസർ ഫീ കൂടാതെ മറ്റു സ്രോതസ്സുകളിൽ നിന്നും നാളിതുവരെയായി വരുമാനമൊന്നും ലഭിച്ചിട്ടില്ല.

4) യൂസർ ഫീ ഈടാക്കുന്നതിനായുള്ള രസീത് ബുക്കുകൾ പ്രകാരം പിരിച്ചെടുക്കുന്ന തുക മാസവസാനം ബാങ്കിൽ അടവാക്കുന്നുണ്ട്.

6) യൂസർഫീ കളക്ഷൻ എല്ലാ കളക്ഷൻ തീയതികളിലും പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. 11/22 ൽ 326083 രൂപ കളക്ഷൻ ലഭിച്ചിട്ടുണ്ട്. പ്രസിഡണ്ട്, സെക്രട്ടറി എന്നിവരുടെ പേരിലുള്ള അക്കൗണ്ടിൽ(നം.40268101049705 (കേരള ഗ്രാമീണ ബാങ്ക്) തുക അടവാക്കുന്നുണ്ട്.

7) ഹരിത കർമ്മസേന പ്രവർത്തന മാർഗ്ഗരേഖ 2.4 പ്രകാരം ഓരോ മാസത്തിലും എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങൾ നടത്തേണ്ടതാണ്. എന്നാൽ 2021-22 വർഷത്തിൽ മീറ്റിംഗുകൾ നടന്നതിന്റെ മിനട്ട്സ് ഹാജരാക്കിയിട്ടില്ല.

8) മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരമുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഹരിത കർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

9) ഹരിത കൺസോർഷ്യം രൂപീകരിച്ച് സംഘടന മൈക്രോ സംരംഭമായി രജിസ്റ്റർ ചെയ്യേണ്ടതാണ്.
10) ജി.ഒ(ആർ.ടി)നം.18/20201/തസ്വഭവ തിയതി 04-01-2021 പ്രകാരം തദ്ദേശ സ്ഥാപന തലത്തിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ 7-12-2022 തിയ്യതിയിൽ (4)

നമ്പർ തീരുമാന പ്രകാരം കൗൺസിൽ അംഗീകരിച്ചിട്ടുണ്ട് സർക്കാർ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

### 1-46 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

2021-22 വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പ്രോജക്റ്റിന് മുൻകൂറായി തുക നിക്ഷേപിച്ചിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | അടങ്കൽ | നൽകിയ തുക | ബിൽ/ നമ്പർ |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് പാലക്കാട് | പ്രജനന നിയന്ത്രണവും വളർത്തുനായകളുടെ പ്രതിരോധ കുത്തിവെപ്പും | 500000 (വികസന ഫണ്ട്) | 500000 | ബിൽ നം.29/16.11.21 |

മേൽ പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.42/21.12.2022)

### 1-47 ബാങ്ക് അക്കൗണ്ടുകൾ - തുടർ നടപടി സ്വീകരിക്കണം

മുൻവർഷങ്ങളിൽ കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി പദ്ധതി ഫണ്ടിൽ നിന്നും അനുവദിച്ച തുകകളുടെ ബാക്കി താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളിൽ അവശേഷിക്കുന്നുണ്ട്.

| ക്രമ നം | ഇനം | ബാങ്ക് അക്കൗണ്ട് നം | നിലവിലിലെ നീക്കിയിരുപ്പ് തുക | ഏറ്റവും അവസാവനം ബാങ്ക് ഇടപാട് നടത്തിയ തീയതി |
|---|---|---|---|---|
| 1 | ഭവനം | SBI -10641401942 | 889691.32 | 22.07.2016 |
| 2 | ILCS | PNB -432500100112384 | 972383.00 | 13.7.2015 |
| 3 | വൈദ്യുതീകരണം | PNB -432500100116344 | 37482.00 | 13.09.2011 |
| 4 | അഴുക്കുചാൽ നിർമ്മാണം | BOI -85461015000818 | 397162.00 | 30.4.2010 |

2021-22 വർഷം മേൽ ബാങ്ക് അക്കൗണ്ടുകളിൽ ഇടപാടുകളൊന്നും നടത്തിയിട്ടില്ല. നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകൾ അവസാനിപ്പിച്ച് നീക്കിയിരിപ്പ് തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. ( ഓഡിറ്റ് അന്വേഷണം നം 30/19.12.22)

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 പ്രത്യേക പരാമർശങ്ങൾ ഇല്ല

-

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ട്രസ്സ് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2014-15 സാമ്പത്തിക വർഷത്തിൽ 12300000 രൂപ (2012 SOR) വകയിരുത്തി ആരംഭിച്ച പ്രോജക്റ്റ് ആണ് നഗരസഭാ കെട്ടിട നിർമ്മാണം. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ വിവരം | 96/22-നഗരസഭാ കെട്ടിട നിർമ്മാണം (സ്റ്റിൽ ഓവർ) |
| അടങ്കൽ | 12300000 രൂപ-വികസന ഫണ്ട് |
| PAC | 11614495 രൂപ |
| കരാറുകാരൻ | പി.ചന്ദ്രൻ |
| സാങ്കേതികാനുമതി | 34/SE/LSGD/NC/KKD/dt 09.01.2015 (6 മാസം) |
| എഗ്രിമെന്റ് നം.: | 145/2014-15/MEതീ.20.02.2015 |
| പാർട്ട് ബിൽ | 9465697 രൂപ |
| ബിൽ/വൗച്ചർ നം. | 1) 01/22 തീ.18.08.2021- 1621903 രൂപ<br>2) 15/22. തീ.29.10.21- 1030400 രൂപ |
| എം.ബുക്ക് നം. | നം.145/2014, 03/2015, 100/2015, 40/2016, 86/2017, 201/2017, 33/2020 |

കെട്ടിട നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് 20.12.2022 ന് എൽ.എസ്.ജി.ഡി ഓവർസീയർ, ക്ലർക്ക് എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ഓവർ സ്റ്റെയർ റൂമിന്റെ മുകളിൽ ഷീറ്റ് മേയൽ പ്രവൃത്തിയിൽ 0.30 Mm GI പ്രൊഫൈൽ ഷീറ്റ് ഉപയോഗിച്ചാണ് പ്രവൃത്തികൾ നടത്തിയത് എന്ന് ബോധ്യമായി. അളവ് പുസ്തകം നം. 201/2017 ൽ പേജ് 7 ൽ ക്രമ നം.42-ാമത്തെ ഇനം ആയി 133.18 $M^2$ അളവിൽ 0.50 Mm ഷീറ്റ് പ്രവൃത്തി നിർവ്വഹിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. 0.30 Mm GI പ്രൊഫൈൽ ഷീറ്റിന് അനുവദിക്കാവുന്ന നിരക്ക് 372.50 രൂപ/ $M^2$ ആണ്. വിശദവിവരം താഴെ കൊടുക്കുന്നു. 2012 SOR പ്രകാരം ഈ ഇനം പ്രവൃത്തിക്ക് അനുവദനീയമായ ഏറ്റവും ഉയർന്ന നിരക്ക് ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| 455 | Roofing With GI Corrugated Sheets 0.4 Mm Thick Or Nearest Available Thickness With Overlaps Of 150 Mm At Ends And GI Hook Or Crank CI Bolts And Nuts Including Plain Washers And Bitumen Washers Etc. Complete | 10 $M^2$ | | |
| | Materials | | | |

| | | | | |
|---|---|---|---|---|
| 37.50 | Gl Corrugated Sheets 0.30 Mm Thick Or Nearest Available Thickness | Kg. | 53.40 | 2002.50 |
| | Conveyance @ | Tonne | 323.00 | 12.11 |
| 0.50 | Gl Hooks Or Crank Bolts | Kg. | 81.00 | 40.50 |
| | Labour | | | |
| 1.35 | Carpenter | Each | 500.00 | 675.00 |
| 1.35 | Man | Each | 377.00 | 508.95 |
| | | | | 3239.00 |
| | CP & OHC 15% | | | 485.86 |
| | Total | | | 3724.92 |
| | | | | 3725.50/10 $M^2$ |

ആയതിനാൽ അനുവദിക്കാവുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ട്രസ് പ്രവൃത്തി അളവ് | അനുവദിക്കാവുന്ന നിരക്ക് @3725/10 $M^2$ | നൽകിയ തുക @ 507.60 $M^2$ | വ്യത്യാസം |
|---|---|---|---|
| 133.18 $M^2$ | 133.18 X 372.50 = 49610 | 67602 | 17992 |

അധിക നിരക്ക് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഷീറ്റ് മേയൽ പ്രവൃത്തിക്ക് കരാറുകാരന് അധികം തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.38/20.12.2022) തുക കരാറുകാരനിൽനിന്നും ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുക നഗരസഭാ ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതുവരെ 17992 രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 12.12.2022 മുതൽ 21.12.2022 വരെ | അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾ ഇല്ല

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 266/22 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 49/ 22.01.22 | 500000 | 500000 | 0 |
| കേരള വാട്ടർ അതോറിറ്റി | 103/22 വിവിധ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ | 78/ 27.03.22 | 2000000 | 0 | 2000000 |

| | ദീർഘിപ്പിക്കൽ | | | | |
|---|---|---|---|---|---|

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

തൻവർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവൊന്നുമില്ല. തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO | Shopping Complex | 43160649 | 1567671 | 1567671 | | 0 |
| HUDCO | PMAY | 174600000 | 151320000 | 11640000 | | 139680000 |
| KURDFC | Bus Stand Cum Shopping Complex | 131356870 | 148206130 | 3750000 | 331136715 | 113319415 |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2011-12<br>3-1 | 2013-14<br>4-8 | ടെണ്ടർ നടപടിയിലെ ക്രമക്കേട്- നഷ്ടം 4,44,536/- രൂപ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടുണ്ടെങ്കിലും അന്തിമ തീർപ്പ് കൽപ്പിച്ചിട്ടില്ല. |
| 2012-13 സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് IV, V | 2014-15<br>6.11 | പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല- നഷ്ടം | - ടി - |

| | | | |
|---|---|---|---|
| | | 24,59,082/- രൂപ | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 83028011 |
| ഓഡിറ്റ് വർഷത്തെ വരവ് | 288718649 |
| ആകെ വരവ് | 371746660 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 269243657 |
| നീക്കിയിരിപ്പ് | 102503003 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 17992 |
| ഭാഗം 1 പ്രകാരം നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം | 192234 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 349793 |

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 17992 | ജയപ്രകാശ് .ടി മുനിസിപ്പൽ എഞ്ചിനീയർ |

(സി). ഭാഗം 1 പ്രകാരം നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-35 | 182471 | ജയപ്രകാശ്. ടി മുനിസിപ്പൽ എഞ്ചിനീയർ |
| 1-37 | 9763 | ----ടി---- |

ഡി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-44 | 349793 | എ.എസ്.പ്രദീപ്, സെക്രട്ടറി, ഒറ്റപ്പാലം നഗരസഭ |

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | കേന്ദ്ര/ സംസ്ഥാന സർക്കാർ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-39 | 2190 | സംസ്ഥാന സർക്കാർ | ജയപ്രകാശ് .ടി മുനിസിപ്പൽ എഞ്ചിനീയർ |
| 1-41 | 6067 | കേന്ദ്ര സർക്കാർ | ജയപ്രകാശ് .ടി മുനിസിപ്പൽ എഞ്ചിനീയർ |

(എഫ്) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ജി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജയപ്രകാശ്. ടി മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ, ഒറ്റപ്പാലം | തോട്ടിങ്ങൽ വീട്, മുണ്ടമുക, ഗണേശഗിരി, ഷൊർണ്ണൂർ - 679121 |
| എ.എസ്. പ്രദീപ്, സെക്രട്ടറി, ഒറ്റപ്പാലം നഗരസഭ | സെക്രട്ടറി, ഒറ്റപ്പാലം നഗരസഭ | ആലംതാറ്റ് വീട്, അകലൂർ പി.ഒ, പാലക്കാട് - 679302 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFP22/2222/12/7.1.13 | 11 |
| 1997-98 | LFP22/942(1)/14/4.5.15 | 06 |
| 1998-99 | | 21 |
| 1999-2000 | LFP8/1108/11/2.1.12 | 17 |
| 2000-01 | LFP8/1139/11/10.1.11 | 22 |

| | | |
|---|---|---|
| 2001-02 | LFP8/1463/09/17.3.10 | 20 |
| 2002-03 | LFP8/1624/10/25.3.11 | 13 |
| 2003-04 | LFP8/48/11/28.3.11 | 26 |
| 2004-05 | LFP22/603/14/10.12.14 | 8 |
| 2005-06 | LFP22/1403/14/4.2.15 | 15 |
| 2006-07 | LFP22/1998/12/7.2.13 | 8 |
| 2007-08 | LFP22/715/15/26.6.15 | 11 |
| 2008-09 | KSA-PKD22/108 /16/11.3.16 | 16 |
| 2009-10 | LFP22/728/13/14.2.14 | 19 |
| 2010-11 | LFP22/640/13/8.8.14 | 24 |
| 2011-12 | KSA-PKD-22/1325 /15/15.9.15 | 14 |
| 2012-13 | LFP22/2458 /14/3.7.2015 | 32 |
| 2013-14& 2014-15 | KSA-PKD/22/503/16 /13.7.16 | 55 |
| 2015-16 | KSA-PKD/22 /153/2017/ 31.01.2017 | 34 |
| 2016-17 | കെ.എസ്.എ- പികെഡി- 22-2097/2017 28.11.17 | 59 |
| 2017-18 | കെ.എസ്.എ- പികെഡി-22-76/19 /10.5..19 | 38 |
| 2018-19 | കെ.എസ്.എ- പികെഡി- 22-649/2020 /29.05.2020 | 40 |
| 2019-20 | KSA PKD-22/1667 /21 / 03/02/2022 | 59 |
| 2020-21 | നം.കെ.എസ് . എ_പികെഡി- 22/1660/2022 Dt.04/08/2022 | 49 |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## വാർഷിക കണക്കുകൾ സംക്ഷിപ്തം

| | | | |
|---|---|---|---|
| Ottappalam Municipality INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 38278930.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 7288500.00 |
| 140000000 | Fee & User Charges | I-4(b) | 21685320.00 |
| 150000000 | Sale & Hire Charges | I-5(b) | 566096.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 336661705.00 |
| 171000000 | Interest Earned | I-8 | 463994.00 |
| 180000000 | Other Income | I-9 | 26.00 |
| | Total Income | | 404944571.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 54924984.00 |
| 220000000 | Administrative Expenses | I-11(b) | 9620745.00 |
| 230000000 | Operations & Maintenance | I-12(b) | 10501473.00 |
| 240000000 | Interest & Finance Charges | I-13 | 226580.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 205321660.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 10422176.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 24545416.00 |
| 253000000 | Decentralised Plan Programme-Projects | I-14 | 5072712.00 |

| | | | |
|---|---|---|---|
| | not included in Sector Division | | |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 777397.00 |
| 270000000 | Provisions and Write off | I-16 | 160410.00 |
| 272000000 | Depreciation | I-17(a) | 20916220.00 |
| | Total Expenditure | | 342489773.00 |
| | Gross Surplus / Deficit of income over Expenditure | | 62454798.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -38319272.00 |
| | Net difference (Prior period Income - Prior period Expenditure) | | 100774070.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

Ottappalam Municipality RECEIPT & PAYMENT STATEMENT

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 82011259.61 |
| Cash | Cash | RP-40(a) | 1016752.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 7761386.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 0.0 |
| 130000000 | Rental income from Panchayat Properties | RP-3 | 18000.00 |
| 140000000 | Fees & User Charges | RP-4 | 19385320.00 |
| 150000000 | Sale & Hire Charges | RP-5 | 566096.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 134793862.00 |
| 171000000 | Interest Earned | RP-8 | 1904841.00 |
| 180000000 | Other Income | RP-9 | 26.00 |

| | | | |
|---|---|---|---|
| 310000000 | Panchayat Fund | RP-21 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-37 | 49343741.00 |
| | Non Operating | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 56896158.00 |
| 340000000 | Deposits Received | RP-27 | 442507.00 |
| 350000000 | Other Liabilities | RP-29 | 17533770.00 |
| 460000000 | Loans, Advances and Deposits | RP-41 | 72942.00 |
| | Grand total | | 371746660.61 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-10 | 18439375.00 |
| 220000000 | Administrative Expenses | RP-11 | 2091002.00 |
| 230000000 | Operations & Maintenance | RP-12 | 8625550.00 |
| 240000000 | Interest & Finance Charges | RP-13 | 226580.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 81398666.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 1000000.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 16936359.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 23024770.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 6904331.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 499000.00 |
| 350000000 | Other Liabilities | RP-29 | 20423756.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 17844458.00 |
| | Non Operating | | |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-19 | -254899.00 |
| 311000000 | Earmarked Funds | RP-22 | 3801068.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 3988163.00 |

| | | | |
|---|---|---|---|
| 330000000 | Secured Loans | RP-25 | 7517736.00 |
| 340000000 | Deposits Received | RP-27 | 380740.00 |
| 350000000 | Other Liabilities | RP-29 | 21715337.00 |
| 410000000 | Fixed Assets | RP-31 | 27069963.00 |
| 412000000 | Capital work in Progress | RP-33 | 6586402.00 |
| 460000000 | Loans, Advances and Deposits | RP-41 | 1025300.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 101160588.61 |
| Cash | Cash | RP-40(b) | 1342415.00 |
| | Grand Total | | 371746660.61 |

Ottappalam Municipality
BALANCE SHEET

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -36595431.59 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 1096355.00 |
| 312000000 | Reserves | B-3 | 236708483.00 |
| | Total Reserve & Surplus | | 201209406.41 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 76148505.39 |
| | Total Grants, Contributions for Specific Purposes | | 76148505.39 |
| | Loans | | |
| 330000000 | Secured Loans | B-5 | 258592683.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 258592683.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 47483267.00 |
| 350000000 | Other Liabilities | B-9 | 29240489.14 |
| | Total Current Liabilities and Provisions | | 76723756.14 |
| | TOTAL LIABILITIES | | 612674350.94 |

| | | | |
|---|---|---|---|
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 316047769.00 |
| 411000000 | Accumulated Depreciation | B-11 | -125853939.00 |
| 412000000 | Capital Work in Progress | B-11 | 254995296.00 |
| | Total Fixed Assets | | 445189126.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 339904.00 |
| 431000000 | Sundry Debtors (Receivables) | B-15 | 72130051.33 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | -11766355.00 |
| 450000000 | Cash and Bank Balance | B-17 | 102503003.61 |
| 460000000 | Loans, Advances and Deposits | B-18 | 4278621.00 |
| | Total Current Assets, Loans and Advances | | 167485224.94 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 612674350.94 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ